

# കർമ്മല കുസുമം.

പുസ്തകം ൨൭) ഏപ്രിൽ (ലക്കം ൪.


## കുരിശുമരണകീർത്തനം.

(ഹാ! ഹാ! മൽപ്രിയനാഥാ എന്ന മട്ട്)

(റവ. ജോസഫ് കൊട്ടപ്പുറ)

ദൈവികസുതനേശു! പാപനാശകനീശൻ—ദ്യോവതിൽ നിന്നിറങ്ങി.
ക്രൂശിതനായി നാശ—കൂപത്തിൽ നിന്നുമെന്നെ—ഈശാ നീ രക്ഷിച്ചിതോ!
ഗാഗുൽത്താമലയേറി ലോകത്തിൻപാപത്തെയും—വേഗേന നാശം ചെയ്വാൻ
ക്രൂരമാം രീതിയിൽ ഹാ!—ദാരുണമാം മരണം—ഘോരമായ് സഹിച്ചീടിനാൻ
നരകുലരക്ഷ ചെയ്‌വാൻ—ദുരിതമാം ക്രൂശിനെ നീ—ധീരമായ് വഹിച്ചിതല്ലോ!
നിക്ഷേപതുല്യം നിന്റെ—നിഷ്ഠുരപീഡകളെ—നിക്ഷേപിച്ചെൻമാനസേ
ഇക്ഷിതിരക്ഷകനാം നിന്മാർഗ്ഗം കാട്ടിയെന്നെ—മോക്ഷത്തിൽ ചേർത്തീടണേ!

# പ്രസാധകക്കുറിപ്പുകൾ.

### പീഡാനുഭവ പ്രാർത്ഥന.

എന്റെ ഈശോയേ! എന്റെ സ്നേഹമേ! ഞാൻ കാണുന്ന കാഴ്ച എന്തായിരിക്കുന്നു? കറയില്ലാത്ത ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയായ അങ്ങുന്ന് എന്റെ പാപങ്ങൾ നിമിത്തമല്ലയോ ഇത്ര ദയനീയ സ്ഥിതിയിലായിത്തീർന്നിരിക്കുന്നത്? അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെക്കുറിച്ചു എന്റെ ഈശോയേ പൊറുക്കണമെ, അനുഗ്രഹിക്കണമേ! ഇനിമേൽ അങ്ങേ പാടുപെടുത്തുന്നതിനു ഞാൻ തുനിയുന്നതല്ലെന്നു പ്രതിജ്ഞ ചെയ്യുന്നു. ശേഷിച്ചിരിക്കുന്ന എന്റെ ജീവിതകാലം കഴിഞ്ഞ നന്ദികേടുകൾക്കു പരിഹാരം ചെയ്തുകൊണ്ടു ജീവിപ്പാൻ ഉറച്ചിരിക്കുന്നു.

പരിശുദ്ധ വ്യാകുല ദേവമാതാവേ! എന്റെ അമ്മേ! നിന്റെ തിരുക്കുമാരന്റെ പങ്കപ്പാടും കുരിശുമരണവും എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ. ഇനി പാപത്താൽ നിന്റെ തിരുക്കുമാരനെ ഉപദ്രവിപ്പാൻ എന്നെ നീ അനുവദിക്കരുതേ. 'എല്ലാം നിറവേറി' എന്നുള്ള സമാധാനത്തോടെ നിന്റെ തിരുമടിയിൽ തല ചായിച്ചു അന്ത്യശ്വാസം വിടുന്നതിനുള്ള ഭാഗ്യം ഇനിക്കു നീ തരുവിക്കണമേ.

### ഉയിർപ്പു തിരുനാൾ.

മരിച്ചിട്ടു മൂന്നാംനാൾ മഹിമപ്രതാപങ്ങളോടുകൂടെ നമ്മുടെ ദിവ്യരക്ഷകൻ ഉയിർത്തെഴുന്നേറ്റു. ദുഃഖസങ്കടങ്ങൾ നിറഞ്ഞ ഈ ലോകജീവി

ത്തെ മധുരിപ്പിക്കുന്നതിലേക്കു എത്രയോ ഉപകരിക്കുന്ന ഒരു ചിന്തയാണിതു്! അതേ, മ്ശിഹായോടുകൂടെ പാടുപെട്ടു മരിക്കുന്നവർ മ്ശിഹായോടുകൂടെ മഹത്വത്തിൽ ഉയിർത്തെഴുന്നേല്ക്കും. പിന്നീടു ഒരു വിധത്തിലും പാടുപെടാൻ പാടില്ലാത്തവരായും, പിന്നീടു ഒരിക്കലും മരിപ്പാൻ വഹിയാത്തവരായും, എന്നന്നേക്കും പരമാനന്ദം അനുഭവിക്കുന്നതിനായി സൂക്ഷ്മം, അക്ഷയം, ദീപ്തി, ലഘുത്വം എന്ന ഗുണങ്ങളോടുകൂടി പുനരുത്ഥാനം ചെയ്യും. പാടുകളുടെ കാലം എത്രയോ ചുരുക്കം! വരുവാനിരിക്കുന്ന നിത്യത്വത്തോടു തുലനം ചെയ്യുമ്പോൾ അതു ഒന്നുമില്ലാത്തതുപോലെയായിരിക്കുന്നു. ഈ ലോകത്തിൽ സകലവിധ സുഖഭോഗങ്ങളും അനുഭവിച്ച ആ സമ്പന്നനും, അവന്റെ മേശയിൽ നിന്നും വീണ അപ്പക്കഷണങ്ങൾ ഭക്ഷിച്ചുകൊണ്ടു നായ്ക്കൾ വ്രണം നക്കി വേദനപ്പെട്ടു കഴിച്ചുകൂട്ടിയ ലാസറിനും തമ്മിൽ ഉയിർപ്പുദിവസത്തിലുണ്ടാകുന്ന വ്യത്യാസം ആർക്കാണു വർണ്ണിപ്പാൻ കഴിയുക. സത്യവിശ്വാസികൾക്കു, ജീവിതത്തിൽ ധൈര്യവും, ദുഃഖങ്ങളിൽ ക്ഷമയും, യുദ്ധത്തിൽ സന്തോഷവും നൽകുന്നതു അതിസ്വാഭാവികമായ ഈദൃശ ചിന്തകളായിരിക്കുന്നു. ഇതില്ലാത്തവനു ലോകജീവിതം എത്ര ദുർഭരം, എത്ര നിരർത്ഥം!

## ജീവനില്ലാത്ത കുടുംബങ്ങൾ.

ഒരു ക്രിസ്തീയ കുടുംബത്തിന്റെ ജീവൻ പാലിച്ചുകൊണ്ടു പോകുന്നതിനു ഒരു ക്രിസ്തീയ പത്രമോ മാസികയോ ഇന്നു ഒഴിച്ചുകൂടാത്തതായിട്ടാണിരിക്കുന്നതു്. സഭാദ്ധ്യക്ഷന്മാരും ആത്മികപാലകന്മാരും ഈ തത്വത്തെ ഗ്രഹിച്ചുകൊണ്ടു സ്ഥാനത്തിലും അസ്ഥാനത്തിലും ജനങ്ങളെ തൽസംബന്ധമായി ഉൽബോധിപ്പിക്കുന്നുണ്ടു്. എങ്കിലും അല്പധനവ്യയത്തെ ഭയന്നു ഇപ്പോഴും നിർജ്ജീവമായി കിടക്കുന്ന കുടുംബങ്ങളുടെ ദയനീയാവസ്ഥയെപ്പറ്റി എന്താണു പറയേണ്ടതു്? ക്രിസ്തീയ ചൈതന്യമില്ലാതെയും, സാമുദായിക ബോധമെന്തെന്നറിയാതെയും, സ്വാർത്ഥത്തിൽ മുഴുകിയും, വ്യർത്ഥവ്യയങ്ങളിൽ തഴങ്ങിയും വരുന്ന ഈ തരക്കാരെക്കൊണ്ടാണു സഭയ്ക്കും സമുദായത്തിനും മേലിൽ അസഹനീയമായ അനർത്ഥങ്ങൾ വന്നുകൂടുന്നതെന്നു വിദേശങ്ങളിലെ അനുഭവം നമ്മെ ബോധപ്പെടുത്തുന്നു. ക്ഷന്തവ്യമല്ലാത്ത ഈ അലസതയുടെ ഫലം ഇങ്ങനെയുള്ളവർ അനുഭവിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും അവരുടെ കണ്ണു തുറക്കാത്തതാണു അത്ഭുതം. ഒരു രൂപാ മാത്രം ആണ്ടിൽ വരിസംഖ്യയുള്ള ഒരു കുടുംബമാസികയാണല്ലോ കർമ്മേലകുസുമം. അതിന്റെ കാര്യത്തിൽ തന്നെ ചിലർ കാണിക്കുന്ന ലജ്ജാവഹമായ അമാന്തം കേവലം പരിതാപകരമായിരിക്കുന്നു. രണ്ടു വി. പി. അയച്ചിട്ടും ഈ ഒരു രൂപാ അടച്ചു തീർത്തിട്ടില്ലാത്ത ചില മാന്യന്മാർ ഞങ്ങളുടെ വരിക്കാരുടെ കൂട്ടത്തിലുണ്ടെന്നു കേട്ടാൽ അവരുടെ മനസ്ഥിതി എത്ര കഷ്ടതരമാണെന്നു പറയാതെ അറിയാമല്ലോ. വിശ്വാസം ക്ഷയിക്കുന്നതിനോടുകൂടെ മാനവും മര്യാദയും ഇല്ലാതാകുന്നതിൽ അത്ഭുതപ്പെടാനില്ല. കത്തോലിക്കാസാഹിത്യപ്രചാരത്തിനുവേണ്ടി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ശക്തിയായി ഉപദേശിച്ചിരിക്കുന്ന ഈ മാസത്തിൽ, സാഹിത്യപ്രചാരത്തെ ഈവിധം മനഃപൂർവ്വം ദ്രോഹിക്കുന്ന ദുഷ്ടബുദ്ധികളുടെ മാനസാന്തരത്തിനായി കൃത്യബോധമുള്ള ഞങ്ങളുടെ വരിക്കാർ പ്രാർത്ഥിച്ചാൽ നന്നായിരിക്കും.

---

## സിദ്ധൌഷധക്കുറിപ്പു.

ചിറ്റമൃതിൻ ഊറൽ, വിഴാലരി, അരത്ത, ദേവതാരം, ത്രിഫല, ചുക്കു, മുളകു്, തിപ്പലി ഇവയെല്ലാം സമം കൂട്ടിപ്പൊടിച്ചു പൊടിയോളം തൂക്കം പഞ്ചസ്സാരയും ചേർത്തു തേനിൽ കുഴച്ചു സേവിക്കുക. എല്ലാത്തരം ചുമയും ശമിക്കും.

"നസ്രാണിദീപിക."

# ദിവ്യരക്ഷകന്റെ പീഡാനുഭവം.

(റൈററു റവ. മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി)



ദിവ്യരക്ഷകനീശോ മിശിഹായുടെ ഏതുപ്രവൃത്തിയും അളവററ ഫലപ്രാപ്തിയുള്ളതും മനുഷ്യപരിത്രാണത്തിന്നു ധാരാളം മതിയാകുന്നതുമായിരിക്കെ അവിടത്തെ തിരുമരണം വഴിയായിട്ടാണു് നമ്മെ പരിത്രാണം ചെയ്തിട്ടുള്ളതെന്നു പറയപ്പെടുന്നു. അതിന്റെ കാരണം ദിവ്യരക്ഷകൻ തന്റെ മരണത്തിനല്ലാതെ മററുപ്രവൃത്തികൾക്കു മാനുഷപരിത്രാണത്തിനുള്ള യോഗ്യത നൽകുവാൻ തിരുമനസ്സാകാതിരുന്നതാണു്. ഇങ്ങനെ ദിവ്യരക്ഷകന്റെ തിരുമരണം വഴിയായി നാം പാപത്തിൽനിന്നും പൈശാചികബന്ധനത്തിൽ നിന്നും വിമോചിക്കപ്പെടുകയും, പിതാവിനോടു രമ്യപ്പെടുകയും ചെയ്തുമാത്രമല്ല, നാം സ്വർഗ്ഗാവകാശികളും ശിക്ഷാവിമുക്തരുമായിത്തീരുകയും ചെയ്തു. കൂടാതെ രക്ഷകൻ തന്റെ തിരുമരണത്താൽ എളിമ, ക്ഷമ, കീഴ്‌വഴക്കം, സ്നേഹം, വിനയം എന്നിത്യാദി സൽഗുണങ്ങളുടെ ഉത്തമമാതൃകയും നമുക്കു നൽകി. ഒരു വാക്കായിപ്പറഞ്ഞാൽ പൂട്ടപ്പെട്ടിരുന്ന സ്വർഗ്ഗം അവിടന്നു നമുക്കായി വീണ്ടും തുറന്നുതന്നു.

അളവററ അനുഗ്രഹപൂർവ്വം ദിവ്യരക്ഷകൻ തന്റെ തിരുമരണത്താൽ മാനുഷപരിത്രാണത്തിന് ഉദ്ദേശിച്ചിട്ടും അതിനു മുമ്പായി ഇത്ര വളരെ മററുകഷ്ടതകൾ കൂടി സഹിപ്പാൻ അവിടന്നു തിരുമനസ്സായതു സ്നേഹത്തിന്റെ ആധിക്യം കൊണ്ടു മാത്രമായിരുന്നു. ലോകാരംഭം മുതൽ ചെയ്തിട്ടുള്ളതും ലോകാവസാനം വരെ ചെയ്യപ്പെടുവാനിരിക്കുന്നതുമായ സകല പാപങ്ങൾക്കുമെന്നല്ല, അവിടത്തെ കഷ്ടാനുഭവങ്ങൾക്കു് ഹേതുകന്മാരായവരുടെ കഠിനകൃത്യങ്ങൾക്കും കൂടി ധാരാളമായ പരിഹാരമാകുവാൻ നിയോഗിച്ചുകൊണ്ടു് അനവധി ഞെരുക്കങ്ങൾ അവിടന്നു സഹിച്ചു. അവസാനം നികൃഷ്ടമായ ഒരു കുരിശുമരണം തിരഞ്ഞെടുത്തതിലും വിശേഷോദ്ദേശമുണ്ടു്. അതെന്തെന്നാൽ, മരണം ഉത്ഭവിച്ചടത്തു നിന്നു ജീവൻ പുറപ്പെടുന്നതു് ഉചിതമായിരുന്നു. മരത്തിൽ നിന്നും ആദിമാതാപിതാക്കളെ പിശാചു വഞ്ചിക്കുകയാൽ ആ മരത്തിൽ നിന്നു തന്നെ മനുഷ്യരെ രക്ഷിക്കുന്നതിനു് ഈശോമിശിഹാ തിരുമനസ്സായി. അതിനും പുറമെ, നികൃഷ്ടമായ കുരിശുമരണത്താൽ തന്നെത്തന്നെ അത്യന്തം എളിമപ്പെടുത്തി നമുക്കു് എളിമയുടെ ഒരു ഉൽകൃഷ്ടദൃഷ്ടാന്തം നൽകുവാനും അവിടന്നു് ഉദ്ദേശിച്ചിരുന്നു. എന്നാൽ എല്ലാവർക്കുമായി ദിവ്യരക്ഷകൻ മരണം പ്രാപിച്ചിട്ടും ഏവരും രക്ഷപെടാതിരിക്കുന്നതു് അവർ തന്നെ അറിഞ്ഞു പ്രമാണങ്ങൾ കാത്തു രക്ഷാമാർഗ്ഗങ്ങൾ അവലംബിക്കാത്തതുകൊണ്ടാണെന്നേ പറയേണ്ടതുള്ളു.

ദിവ്യരക്ഷകനീശോമിശിഹാ കുരിശിൽ മരണം പ്രാപിച്ചുവെന്നു പറയുന്നതുകൊണ്ടു് അവിടത്തെ ആത്മാവും ശരീരവും തമ്മിൽ വേർതിരിഞ്ഞുവെന്നല്ലാതെ, ശവകുടീരത്തിൽ സംസ്കരിക്കപ്പെട്ട ശരീരത്തിൽ നിന്നോ പാതാളങ്ങളിലിറങ്ങിയ ആത്മാവിൽ നിന്നോ ദൈവസ്വഭാവം വിട്ടുമാറിയെ

ന്നു വിചാരിക്കേണ്ടതില്ല. അതു് ആത്മശരീരങ്ങളോടു സദാ യോജിച്ചുതന്നെ നിന്നിരുന്നു.

എന്നാൽ മരണശേഷം ദിവ്യരക്ഷകന്റെ തിരുശരീരം മുപ്പത്താറു മണിക്കൂർ സമയം ശവകുടീരത്തിൽ സ്ഥിതി ചെയ്തു. അതായതു് വി. അഗുസ്തീനോസു സാക്ഷ്യപ്പെടുത്തുന്നതുപോലെ രണ്ടു രാത്രിയും ഒരു പകലും സംസ്കരിക്കപ്പെട്ടവനായിക്കിടന്നു. അതിൽ ദിവ്യരക്ഷകനുണ്ടായിരുന്ന ഉദ്ദേശമെന്തെന്നു വി. തോമ്മാമല്പാൻ അഭിപ്രായപ്പെടുന്നതു് ഇപ്രകാരമാണ്. രക്ഷകൻ തന്റെ തിരുമരണത്താൽ നമ്മുടെ ആത്മാവിന്റെയും ശരീരത്തിന്റെയും രണ്ടു മരണങ്ങളിൽ നിന്നു നമ്മെ രക്ഷിച്ചതിനെ സൂചിപ്പിക്കുവാൻ രണ്ടു രാത്രിയും, എന്നാൽ അവിടത്തെ മരണം പാപഫലമാകാതെ വെളിച്ചത്തെ സൂചിപ്പിക്കുന്ന ഉപവികാരണത്താലാകയാൽ ഒരു പകലും കുഴിമാടത്തിൽ കിടന്നുവത്രെ. മാത്രമല്ല, ഈ ദീർഘസമയം കൊണ്ടു രക്ഷകൻ തന്റെ മരണത്തെയും ഉയിപ്പിനെയും മററുള്ളവർ സ്ഥിരപ്പെടുത്തി ഗ്രഹിപ്പിക്കുവാനും തിരുമനസ്സായിരിക്കണം. കൂടാതെ, തന്നെ സംസ്കരിച്ചവരുടെ സൽകർമ്മത്തെ അനുകരണീയമായി പ്രത്യക്ഷപ്പെടുത്തുന്നതിനും മരിച്ചടക്കപ്പെടുന്നവർ മിശിഹായോടുകൂടി ഉയിപ്പിന്റെ ശരണത്തിൽ അടക്കപ്പെടുന്നുവെന്നു് അവർ ധരിക്കുന്നതിനും രക്ഷകൻ ഉദ്ദേശിച്ചിട്ടുള്ളതായി ന്യായവശാൽ നമുക്കു് അനുമാനിക്കാം. രക്ഷകന്റെ തിരുശരീരം കുഴിമാടത്തിൽ കിടന്ന സമയം കൊണ്ടു് അഴിഞ്ഞുപോയിട്ടുണ്ടെന്നു വിചാരിക്കേണ്ടതില്ല. എന്തെന്നാൽ "തന്റെ പരിശുദ്ധനെ അഴിച്ചിൽ കാണുവാൻ അനുവദിക്കയില്ലെന്നു" മസ്മോറ 15. 10-ൽ നിന്നും സ്പഷ്ടമാണ്.

ഇങ്ങനെ മാനുഷപരിത്രാണാർത്ഥം കഷ്ടതകൾ അനുഭവിച്ചു കുരിശുമരണം പ്രാപിച്ചശേഷം സംസ്കരിക്കപ്പെട്ട രക്ഷകൻ ശരീരത്തിന്നു് അഴിച്ചൽ തട്ടാതെ തേജോമയനായി ഉയിർത്തെഴുന്നേററതു നമുക്കെത്ര വലിയ ഒരു ശരണത്തെയാണു് പ്രദാനം ചെയ്യുന്നതു്! മരിച്ചവരെല്ലാം ഇങ്ങനെ ഉയിർക്കേണ്ടതാണു്. ക്ഷീണനായവൻ അക്ഷയനായും, ബലഹീനൻ ശക്തനായും, ശാരീരികൻ ആദ്ധ്യാത്മികനായും വ്യറപ്പെടുമെന്നത്രെ ശ്ലീഹാ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ രക്ഷകൻ മരിച്ചുയിർത്തതുകൊണ്ടുമാത്രം ഇവയെല്ലാം നമുക്കനുഭാവ്യമാകയില്ല. നാം ചിലതു ചെയ്യേണ്ടതുണ്ടു്. രക്ഷകനിലും അവിടത്തെ ദൈവത്വം, സ്നേഹം, കഷ്ടാനുഭവം, യോഗ്യത എന്നിവയിലും വിശ്വസിച്ചു തന്നിൽ നാം ശരണപ്പെടണം. രക്ഷാമാർഗ്ഗങ്ങളായ ക്രൂദാശകളെ ഭക്ത്യാദരങ്ങളോടും അനുതാപമുള്ള ഹൃദയത്തോടുംകൂടി സ്വീകരിച്ചു നാം രക്ഷകന്റെ കാലടികളെ പിഞ്ചെല്ലേണ്ടതുമാണ്. "യാതൊരുത്തനു് എന്റെ പിന്നാലെ വരുവാൻ മനസ്സുണ്ടെങ്കിൽ, അവൻ തന്നെത്തന്നെ പരിത്യജിച്ചു്, തന്റെ കുരിശെടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" (മത്താ. 16. 24) എന്നത്രെ അവിടന്നു് ആജ്ഞാപിച്ചിട്ടുള്ളതു്. ഇങ്ങനെ കുരിശുമരണത്തിന്റെ ഫലം അനുഭവിക്കുന്നവൻ എത്രയോ ഭാഗ്യവാൻ! ദൈവാനുഗ്രഹങ്ങൾ നിഷേധിച്ചു നിത്യനാശത്തിൽ ഉൾപ്പെടുന്നവൻ എത്ര ദുർഭഗൻ! ഇതു് ഉറവയ്ക്കരികെ നിന്നു ദാഹത്താൽ ഒരുവൻ മരിക്കുന്നതുപോലെയാണു്. ഹാ! എന്റെ ദിവ്യരക്ഷകൻ ഈശോമിശിഹായെ! എനിക്കുവേണ്ടി നീ മരിച്ചതിനാൽ നിനക്കു ഞാൻ നന്ദി പറയുന്നു. നിന്റെ അമൂല്യമായ രക്തത്തിന്റെയും നിസ്സീമമായ കഷ്ടാനുഭവങ്ങളുടെയും ഫലം ഞാൻ നഷ്ടമാക്കാതിരിക്കട്ടെ!

## വരപ്രസാദമാര്‍ഗ്ഗങ്ങള്‍.

(ക. നി. മൂ. സ. ബ. അപ്രേം പട്ടക്കാരന്‍)

വരപ്രസാദ മാര്‍ഗ്ഗങ്ങള്‍ എന്തെന്നു ചോദിച്ചാല്‍ അവ നമ്മുടെ രക്ഷിതാവു കുരിശില്‍ തൂങ്ങിമരിച്ച് നമുക്കു ലഭിച്ചുതന്നിട്ടുള്ള വരപ്രസാദങ്ങള്‍ നമ്മിലേക്കു ഒഴുകിവരുവാനായി അങ്ങുന്നുതന്നെ തുറന്നിട്ടുള്ള വരപ്രസാദ ചാലുകളാകുന്നു. ഇവയില്‍ മുഖ്യമായവ, കുര്‍ബാന എന്ന പരിശുദ്ധബലി, ദേവദ്രവ്യങ്ങളായ ക്രദാശകള്‍, പ്രാര്‍ത്ഥന എന്നിവയാകുന്നു.

ന. ക. ഈശോമ്ശിഹാ തന്‍റെ തിരുഹൃദയം കുത്തിത്തുറക്കപ്പെട്ടുവാന്‍ തിരുമനസ്സായതു്, ഈ വരപ്രസാദമാര്‍ഗ്ഗങ്ങള്‍ അവിടെനിന്നു നമ്മിലേക്കു ഒഴുകിവരുവാന്‍ വേണ്ടിയത്രേ. സഭ വരപ്രസാദത്തിന്‍റെ ഈ ദൈവസ്ഥാപിതങ്ങളായ മാര്‍ഗ്ഗങ്ങളിലൂടെ വിശ്വാസികള്‍ക്കു മ്ശിഹായുടെ കുരിശില്‍നിന്നൊഴുകിയ വരപ്രസാദങ്ങളെ കൊടുക്കുന്നതുകൊണ്ടു്, അവയെ, അതായതു് ക്രദാശകളെ, അനുഷ്ഠിക്കുമ്പോഴെല്ലാം കുരിശിന്‍റെ അടയാളം വരയ്ക്കുന്നു എന്നതു് ഇവിടെ സ്മരണീയമാകുന്നു. ഈ വരപ്രസാദമാര്‍ഗ്ഗങ്ങളെ ഉപയോഗിക്കാത്തവന്‍, മ്ശിഹാ അവനുവേണ്ടിക്കൂടെയും മരിച്ചിരുന്നാലും രക്ഷപെടുന്നതല്ല. എന്തെന്നാല്‍ ഒരുത്തന്‍ ഔഷധം സേവിക്കാത്താല്‍ അതു അവന്‍റെ രോഗം ഭേദപ്പെടുത്തുകയില്ല. വി. അഗുസ്തീനോസിന്‍റെ സുപ്രസിദ്ധവാക്യം ഇവിടെ ഓര്‍ക്കേണ്ടതാകുന്നു. എന്തെന്നാല്‍ "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെ കൂടാതെ നിന്നെ രക്ഷിക്കയില്ല." വരപ്രസാദമാര്‍ഗ്ഗങ്ങളില്‍നിന്നു മനുഷ്യരെ അകററുവാന്‍ പിശാചു് കഴിയുന്നത്ര പരിശ്രമമെല്ലാം ചെയ്യാതിരിക്കുന്നില്ല. സേനാധിപനായ ഹൊലോഫര്‍ണ്ണന്‍ ബഥൂലിയാനഗരത്തെ നിരോധിച്ചുകൊണ്ടു ജനങ്ങള്‍ക്കു ജലദുര്‍ഭിക്ഷതയുണ്ടാകുവാന്‍വേണ്ടി അവിടേയ്ക്കു ഒഴുകിയിരുന്ന ജലപ്പാത്തികളേ എല്ലാം തടഞ്ഞതുപോലെ അവനും പ്രവര്‍ത്തിക്കുന്നു. വിശ്വാസികള്‍ ദേവദ്രവ്യങ്ങളായ ക്രദാശകളെ സ്വീകരിക്കാതിരിപ്പാന്‍വേണ്ടി അവര്‍ക്കു അവയില്‍ വിരസവും അലസതയും ജനിപ്പിക്കുന്നു.

## അര്‍ണ്ണോസ്സ പാതിരി.

(ഡോക്ടര്‍ പി. ജെ. തോമ്മസ് എം. എ. ബി. ലിററ് പി. എച്ച്. ഡി.)

കേരളത്തില്‍ വന്നു് മലയാളഭാഷയില്‍ കൃതികള്‍ എഴുതിയിട്ടുള്ള വിദേശിയരില്‍ പ്രമുഖന്മാര്‍ അര്‍ണ്ണോസ്സ് പൌലിനോസ്സ്, ഗുണ്ടര്‍ട്ടു് എന്നിവരാണ്. ഇവരില്‍ കവി എന്ന നിലയില്‍ സര്‍വ്വപ്രധാനന്‍ അര്‍ണ്ണോസ്സ തന്നെ. കേരളഭാഷയില്‍ കവിതയെഴുതാന്‍ ചുരുക്കം ചില യൂറോപ്യന്മാര്‍ മാത്രമേ സാധിച്ചിട്ടുള്ളു. അവരില്‍ ആരുംതന്നേ നിര്‍ദ്ദോഷമായ രീതിയില്‍ കവിത എഴുതിയിട്ടുണ്ടെന്നു് വാദിക്കാന്‍ നിവൃത്തിയില്ല. എന്നിരുന്നാലും കാവ്യഗുണം അവരുടെ കൃതികളിലും കണന്നുണ്ടു്. യൂറോപ്യന്‍മിഷ്യനറിമാരാല്‍ എഴുതപ്പെട്ടതായി ഇപ്പോള്‍ നാം ഉപയോഗിക്കുന്ന മിക്ക കൃതികളും അര്‍ണ്ണോ

സുപാതിരിയുടേതാണ്. ആ വിഷയത്തിൽ അദ്ദേഹത്തോളം വിജയം സമ്പാദിച്ചിട്ടുള്ള വേറെ യൂറോപ്യന്മാർ മലയാളത്തിൽ ഇല്ലെന്നു ധൈര്യമായി പറയാം. ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽതന്നെയും ചുരുക്കമാണ്.

'അർണ്ണോസുപാതിരി' എന്നു മലയാളത്തിൽ വിളിക്കപ്പെട്ടുവരുന്ന ഈ പണ്ഡിതൻ ഹംഗറിദേശക്കാരനായിരുന്നു. 'ഏർണ്ണസ്റ്റു, ഹാൺസിൽഡൻ' (Ernest Hancildn) എന്നായിരുന്നു അദ്ദേഹത്തിന്റെ സാക്ഷാൽ നാമം. അദ്ദേഹം 1699-ലാണ് കേരളത്തിൽ വന്നത്. ആദ്യമായി അമ്പഴക്കാട്ടു ആശ്രമത്തിൽ താമസിച്ചു. അന്നു കേരളത്തിലെ പണ്ഡിതന്മാരുടെ കേന്ദ്രസ്ഥാനം തൃശ്ശിവപേരൂർ ആയിരുന്നു. എഴുത്തച്ഛന്റെ കാലം കഴിഞ്ഞുപോയി എങ്കിലും അദ്ദേഹത്തിന്റെ ശിഷ്യന്മാർ പലരും അവിടെയുണ്ടായിരുന്നു. അർണ്ണോസുപാതിരി കേരളത്തിൽ വന്നയുടനെ സംസ്കൃതപണ്ഡിതന്മാരെയാണ് ആദ്യമായി അന്വേഷിച്ചത്. താമസിയാതെ അദ്ദേഹം തൃശ്ശിവപേരൂരെ പണ്ഡിതന്മാരുമായി പരിചയപ്പെട്ടു. എഴുത്തച്ഛന്റെ ശിഷ്യന്മാരെ കൂടാതെ ബുദ്ധിവൈഭവമുള്ളവരായ നമ്പൂതിരിമാരും ആ ദിക്കിലുണ്ടായിരുന്നു. അവരുടെ പരിചയം സമ്പാദിക്കാൻ പാതിരിക്കു കുറെ വിഷമമുണ്ടായി. ആദ്യകാലത്തു നമ്പൂതിരിമാർക്ക് ഈ വെള്ളക്കാരനെക്കുറിച്ച് അല്പം നീരസവും അധികം സംശയവും ഉണ്ടായതിനാൽ അദ്ദേഹത്തെ സംസ്കൃതം പഠിപ്പിക്കുന്നതിലും അതിലുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങൾ കയ്യിൽ കൊടുക്കുന്നതിനും അവർ ആരംഭത്തിൽ മനസ്സായില്ല. എങ്കിലും ഒടുവിൽ അങ്കമാലിയിലുള്ള കുഞ്ഞൻ എന്നും, കൃഷ്ണൻ എന്നും പേരായ രണ്ടു നമ്പൂരിമാർ പാതിരിയെ യഥാർത്ഥമായി സഹായിക്കുവാൻ തയാറായി. അവർ അദ്ദേഹത്തിനു താളിയോലയിൽ എഴുതിയ സിദ്ധരൂപം മുതലായ സംസ്കൃത വ്യാകരണകൃതികളും മഹാഭാരതം മുതലായ കാവ്യഗ്രന്ഥങ്ങളും കൊടുക്കുകയും ചെയ്തു. മലയാളത്തിലുള്ള എഴുത്തച്ഛന്റെ കൃതികളും അദ്ദേഹം ആദ്യം തന്നെ ഹൃദിസ്ഥമാക്കിയിരിക്കണം. വളരെക്കാലത്തെ അദ്ധ്യാനത്തിന്റെ ശേഷം രണ്ടു ഭാഷകളിലും സാമാന്യം വ്യുല്പന്നനായിത്തീർന്നു. പിന്നീട് അദ്ദേഹം ഈ രണ്ടു ഭാഷകളിലും കാവ്യകൃതികൾ എഴുതിത്തുടങ്ങി. കേരളീയർക്ക് സുപരിചിതമായിത്തീർന്നിട്ടുള്ള പർവ്വം, പുത്തൻപാന, മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാണ്. അദ്ദേഹത്തിന്റെ താമസം മിക്കവാറും വടക്കൻപ്രദേശങ്ങളിലുള്ള പള്ളികളിലായിരുന്നു. 1732-ൽ പാലയൂർപള്ളിയിൽവച്ച് അദ്ദേഹം മരിക്കയും ആ പള്ളിയിൽതന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു.

അർണ്ണോസുപാതിരിക്കു സംസ്കൃതത്തിൽ അസാമാന്യമായ അഭിരുചി ഉണ്ടായിരുന്നു. അദ്ദേഹം സംസ്കൃതഭാഷയെപ്പറ്റി എഴുതിയ ലത്തീൻകൃതികൾ അന്നുതന്നെ പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ അദ്ദേഹം യൂറോപ്പിൽ അന്നു വളരെ കീർത്തിമാനായിത്തീരുമായിരുന്നേനേ എന്നു (Max Muller) മാക്സ്മുള്ളർ എന്ന യൂറോപ്യൻ പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം കേരളത്തിൽവച്ച് സംസ്കൃതവ്യാകരണവും കൃതികളും പഠിച്ചുകൊണ്ടിരുന്ന അവസരത്തിലും, അതിനു കുറെ ഇപ്പുറംപോലും യൂറോപ്പിലെ പണ്ഡിതന്മാർ സംസ്കൃതകൃതികൾ കിട്ടുന്നതിനും പഠിക്കുന്നതിനും അത്യധികം ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ പാതിരി യൂറോപ്പിൽ പ്രസിദ്ധി നേടുന്നതിനു ആഗ്രഹിക്കാതെ കേരളീയക്രിസ്ത്യാനികൾക്ക് വേദസംബന്ധമായ കാവ്യകൃതികൾ പ്രദാനം ചെയ്യാനാണ് ജീവിതകാലം മുഴുവൻ വിനിയോഗിച്ചത്. പിന്നീട് പൌലീനോസു പാതിരി ഇദ്ദേഹത്തെപ്പറ്റി എഴുതിക്കണ്ടപ്പോൾ മാത്രമാണ് യൂറോപ്പിലെ പണ്ഡിതന്മാർ ഈ മഹാന്റെ പരിശോധനകളെപ്പറ്റി കേൾക്കാൻതന്നെ ഇടയായത്. ഇപ്രകാരമുള്ള കേൾവി മാത്രംകൊണ്ടു യൂറോപ്പിലെ സമകാലീനന്മാരായ വോൺഷ്ലീഗൽ(Von Shelegel) ബെൻഫി

(Benfy) എന്നീ പണ്ഡിതന്മാർ ഇദ്ദേഹത്തിൻെറ സംസ്കൃതജ്ഞാനത്തെപ്പററി വളരെ പ്രശംസിച്ചെഴുതിയിട്ടുണ്ട്. 1784 ഇടക്ക് ബങ്കാളിംവച്ച് സർ വില്യംജോൺസ് (Sir William Jones) നടത്തിയ പല പരിശോധനകളും അരശതാബ്ദത്തിനു മുമ്പ് നമ്മുടെ പാതിരി ഇൻഡ്യയുടെ ഈ കോണിൽ വച്ചുനടത്തുകയുണ്ടായെങ്കിലും ഈ വാസ്തവം ഈയിടപോലും അറിഞ്ഞു തുടങ്ങിയിട്ടില്ല. ഇപ്രകാരം ചെറിയ കേരളരാജ്യത്തിന്നായി അദ്ദേഹം തൻെറ ജീവിതത്തെ അപ്പണം ചെയ്തുകൊണ്ടുതന്നെ നാം ആ മഹാനുഭാവൻെറ നാമം സർവ്വദാ സ്മരിക്കേണ്ടതാണ്.

## അദ്ദേഹത്തിൻെറ ആവലാതി.

ക്രിസ്ത്വാബ്ദം പതിമൂന്നാം ശതാബ്ദത്തിൽ ഇററലിയിലെ ബൊളോഞ്ഞാപട്ടണത്തിൽ വി. ഡൊമ്നീക്കോസിൻെറ സഭക്കാരനായ പത്രോസു എന്ന ഒരു വൈദികൻ ജീവിച്ചിരുന്നു. സത്യവേദവൈരികളോടു അദ്ദേഹം ഇടവിടാതെ പോരാടി അവരേ പരാജിതരാക്കിവന്നു. തന്നിമിത്തം അദ്ദേഹത്തോടു അവൎക്കു മഹാ വൈരമായിത്തീൎന്നു. പുണ്യപ്പെട്ടവനേ അവർ പിടിച്ചു തടവിലാക്കുകയും പലവിധത്തിലുള്ള ഞെരുക്കങ്ങൾ അനുഭവിപ്പിക്കയും ചെയ്തു. ബന്ധനസ്ഥലത്തു തൻെറ തൂങ്ങപ്പെട്ടരൂപത്തിൻ മുമ്പാകെ പ്രാൎത്ഥിച്ചുകൊണ്ടുനില്ക്കയിൽ ഒരു ദിവസം പുണ്യവാൻ കത്താവിനോടു ഇങ്ങനെ ആവലാതിപ്പെട്ടു. "എൻെറ കത്താവേ! ഞാൻ എന്തുകുററം ചെയ്തിട്ടാണു ഈ ഞെരുക്കങ്ങളെല്ലാം അനുഭവിക്കുന്നതു?" അപ്പോൾ തൂങ്ങപ്പെട്ടരൂപം അത്ഭുതമായി വാതുറന്നു പറഞ്ഞതായതു; "പത്രോസേ! ഞാൻ എന്തു കുററം ചെയ്തിട്ടാണു ഈ പാടുകളെല്ലാം അനുഭവിച്ചതു?" പിന്നീട്ടു ഒരിക്കലും ഈ ആവലാതി പറവാൻ അദ്ദേഹത്തിന്നു ഇടയായിട്ടില്ലെന്നു മാത്രമല്ല. പ്രതിദിവസം ദിവ്യപൂജയിൽ "എനിക്കുവേണ്ടി മരിച്ച കത്താവേ! നിനക്കുവേണ്ടി മരപ്പാൻ എനിക്കു നീ കൃപചെയ്യണമേ" എന്നു ചൊല്ലിവരികയും കടശി രക്തസാക്ഷിയായിട്ടു മരിക്കയും ചെയ്തു.

## മാപ്പാപ്പായുടെ ദിനചര്യ.

(ദിവ്യശ്രീ മററത്തിൽ കുഞ്ചൻ കത്തനാർ.)

ഭൂലോക മഹാന്മാരുടെ രഹസ്യജീവിതത്തിലേക്കു എത്തിനോക്കുവാൻ ആഗ്രഹം ജനിക്കാത്തവരാരുമില്ല. ഏതാദൃശന്മാരുടെ ജീവിതമുറകൾ നമുക്കു എത്രമാത്രം അജ്ഞാതങ്ങളാണോ അവയെ അറിവാൻ അത്രമാത്രം കൗതുകം ജനിക്കുകയാണു് ചെയ്യുന്നതു്. അവർ നമ്മിൽനിന്ന് എത്രമാത്രം അകന്നിരിക്കുന്നുവോ അത്രമാത്രം അവരെ കാണ്മാൻ നമുക്കു ജിജ്ഞാസയുണ്ടാകുന്നു. പക്ഷെ, പലേ മഹാന്മാരെയും നാം നേരിട്ടു കണ്ടു്, അവരുമായി അഭിമുഖസംഭാഷണം ചെയ്യുമ്പോൾ, അവരും നമ്മേപ്പോലെ കണ്ണും മൂക്കും ഉള്ളവരാണല്ലോയെന്ന്, ഒരു അവജ്ഞയും ജനിച്ചെന്നുവരാം. അവരും നമ്മേപ്പോലെത

ന്നെ മനുഷ്യരാണെന്നു് നാം നേരത്തെ അറിയാഞ്ഞിട്ടല്ല; പിന്നെയോ നമ്മുടെ മിഥ്യാബോധത്തിൽ അങ്ങനെ തോന്നിപ്പോകുന്നതാണു്.

എന്നാൽ ഈദൃശമൊരു അനുഭവമല്ല, ഇപ്പോൾ ഭൂമുഖത്തു ജീവിക്കുന്ന മഹാന്മാരിൽ സർവ്വപ്രകാരേണയും പ്രഥമഗണനീയനായി ഭാഗ്യമായി വാഴുന്ന പീയൂസ് പതിനൊന്നാമന്റെ ജീവിതചര്യയുടെ പര്യാലോചനയിൽ നിന്നും ഉൽഭൂതമാകുന്നതു്. ഇദ്ദേഹത്തിന്റെ ജീവിതസമയം മുഴുവനും നിസ്തന്ദ്രമായ ആത്മസംയമനത്തിന്റെ വെറും വിനാഴികകൾ മാത്രമാണെന്നു് ചുവടെ ചേർക്കുന്ന പട്ടികയുടെ പാരായണത്തിൽ നിന്നും പ്രത്യക്ഷപ്പെടുന്നതാണു്.

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കാലത്തു ഏഴു മണിയ്ക്കാണു് കല്പിച്ചെഴുന്നേല്ക്കുന്നതു്. ഉടനെതന്നെ ദന്തപ്രക്ഷാളനാദികൾ കഴിഞ്ഞു് തന്നത്താൻ മുഖക്ഷൗരം ചെയ്യും. ഏഴര മണിക്കു കുർബാന ചൊല്ലും. തത്സമയം ഒന്നോ രണ്ടോ സെക്രട്ടറിമാർ മാത്രമേ അദ്ദേഹത്തെ ശുശ്രൂഷിക്കാറുള്ളു. പൂജാനന്തരം ഏതാനും സമയം സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന രാജാധിരാജന്റെ തിരുസന്നിധാനത്തിൽ ഏകാകിയായി, സാഷ്ടാംഗപ്രണാമം ചെയ്തു്, ആരാധനാവചസ്സുകളെ വിനയപൂർവ്വം ഉച്ചരിച്ചുകൊണ്ടും ധ്യാനചിന്തകളെ ഭക്തിപൂർവ്വം തുടർന്നുകൊണ്ടും ഈ ത്രിവിധമകുടധാരിയായ രാജാവു് വിനിയോഗിക്കുന്നു. എങ്കിലും ആ വൃത്തിയിലും അധികസമയം വ്യാപൃതനായിരിക്കുവാൻ സമസൃഷ്ടിസ്നേഹം അദ്ദേഹത്തെ അനുവദിക്കയില്ല. എന്തെന്നാൽ അദ്ദേഹം ദാസന്മാരുടെ ദാസനാണല്ലോ.

## കുമ്പസാരം.

കുമ്പസാരമോ? അതെ, മാർപ്പാപ്പായും കുമ്പസാരിക്കുന്നുണ്ടു്. ആണ്ടിലൊരിക്കലായിരിക്കാം! അഥവാ മാസത്തിലൊരിക്കലായിരിക്കാം! അല്ല. അതൊന്നുമല്ല, അദ്ദേഹം ആഴ്ചതോറും— എല്ലാ വെള്ളിയാഴ്ചയും— കൃത്യം നാലുമണിക്കു കുമ്പസാരിക്കുകപതിവാണു്. മാർപ്പാപ്പായുടെ കുമ്പസാരക്കാരൻ മെത്രാനുമല്ല, കർദ്ദിനാളുമല്ല; ലോംബാർഡിയിലെ ഒരു വെറും ജസ്വീറ്റുപട്ടക്കാരനാണു്. കുമ്പസാരം സാധാരണ ഇരുപതു് മിനിറ്റും ചിലപ്പോൾ അര മണിക്കൂറും ദീർഘിക്കാറുണ്ടു്. റവ. ഫാദർ സെലേസ്റ്റിനോ അലസാർഡി എസ്. ജെ. സിംഹാസനത്തിൽ ഉപവിഷ്ടനാവും. ഉടനെ മാർപ്പാപ്പാ— രാജാക്കന്മാരുടേയും ചക്രവർത്തികളുടേയും നമസ്കാരങ്ങളും പ്രണാമങ്ങളും സ്വീകരിക്കുന്ന മഹാൻ— ആ വെറും പട്ടക്കാരന്റെ മുമ്പിൽ ഭക്തിപൂർവ്വം മുട്ടുകുത്തി, “ഞാൻ പിഴയാളി” ചൊല്ലി നെഞ്ചിൽ മൂന്നു പ്രാവശ്യം പിഴ ഇടിച്ചു് കുമ്പസാരിക്കുകയായി. പട്ടക്കാരൻ നമ്മുടെ കർത്താവിന്റെ അധികാരം പ്രവർത്തിച്ചു്, പാപത്തിൽനിന്നും പാപ്പായെ മോചിക്കുന്നു.

കുമ്പസാരിക്കാൻ അന്മേനികളോടു പട്ടക്കാർ ഉപദേശിക്കുന്നു! പട്ടക്കാരുടെ പട്ടക്കാരനായ പാപ്പാ, പ്രവർത്തിച്ചുംവച്ചാണു് മറ്റുള്ളവരോടു് ഉപദേശിക്കുന്നതു്. നമ്മുടെ കർത്താവു് സ്വശിഷ്യന്മാരുടെ പാദങ്ങളെ കഴുകി മുത്തി; “നിങ്ങളും ഇപ്രകാരം ചെയ്തുകൊൾക” എന്നു അരുളിച്ചെയ്തു. മിശിഹായുടെ വികാരി മിശിഹായെ അനുകരിക്കുന്നു; എന്നേയുള്ളു.

ഇതുവരെയും കർത്താവിനെ പ്രതിനിധീകരിച്ച പട്ടക്കാരൻ സിംഹാസനത്തിൽനിന്നു ഇറങ്ങുകയും മിശിഹായുടെ വികാരി സിംഹാസനാരൂഢനാവുകയും ചെയ്യുന്നു. ഇപ്പോൾ കുമ്പസാരിപ്പിച്ച ശിഷ്യൻ വെറും പട്ടക്കാരനും, കുമ്പസാരിച്ച പാപി പരിശുദ്ധ പാപ്പായുമാണു്. തന്നിമിത്തം പട്ടക്കാരൻ പാപ്പയുടെ പാദചുംബനം ചെയ്തു് “വാഴ്വ” അപേക്ഷിച്ചു് പിന്തിരിയുന്നു.

(തുടരും)

# ഗാഗുൽത്തായിലേ ദിവ്യ ബലി.



(ക. നി. മൂ. സ. ബ. മാണിക്കത്തനാർ.)

(പാന)

ക്രിസ്തുനാഥനെ ക്രൂശിൽത്തറച്ചപ്പോ—
ളുദ്ദേശം മണിയാറായിരുന്നിതേ.
ഒമ്പതാം മണിയോളമവ്വൂഴിയി—
ലന്ധകാരം മുഴുക്കെസ്സംവ്യാപ്തമായ്.
അത്രയുമല്ല ഭാസ്കരബിംബവും
സപ്രഭവിട്ടിരുണ്ടു വശായിതേ.
ഒമ്പതാം മണിയോടടുത്തപ്പോൾ താൻ
വമ്പെഴും നിനദത്തിലരുളിനാൻ:
"ഏലി ഏലി ലമ്മാ ശബക്താനി—മദ്ദൈവമേ!
മദ്ദൈവമേ! കൈവിട്ടതെന്തെന്നെ നീ?"
അന്തികേനിന്നുകേട്ടു ചിലർചൊന്നാ—
"രെന്തിവനേലിയായെ വിളിക്കുന്നു!"
പിന്നീടേശു സർവ്വം നിവൃത്തിയാ—
യെന്നുകണ്ടു വിശുദ്ധ വേദോക്തികൾ
പൂർത്തിയായ് വ്വരിച്ചിടുവാനായ് "പ്പിപാ—
സാർത്തനായിരിക്കുന്നേ"നെന്നോതിനാൻ.
അപ്രദേശേ ചൊറുക്കാനിറഞ്ഞൊരു
ഭാജനംകൂടി വെച്ചിരുന്നാരവർ.
വേഗമോടിയൊരുത്തൻ നീർപ്പഞ്ഞിതൻ—
ഭാഗമൊന്നെടുത്തിട്ടു ചൊറുക്കായിൽ
മുക്കിത്തോട്ടണ തന്നിലുറപ്പിച്ചു
പൊക്കിപ്പാനംചൊല്ലിൻ കൊടുത്തോതിനാൻ:
"പാർത്തിരിക്കു നാമേലിയാ വന്നിനി—
പ്പാർത്തലത്തിലിറക്കുമോ കാണണം."
"കൊള്ളാ"മുത്തരിച്ചന്യ "രിന്നേലിയാ—
സല്ലലാററാൻ വരുമോ കണ്ടീടണം"
അച്ചൊറുക്കാ രസിച്ച പിമ്പേശുതാ—
നുച്ചരി"ച്ചിതാ സർവ്വവും പൂർത്തിയായ്."
രോദിച്ചുച്ചത്തിലീശോ പറഞ്ഞു: "മൽ—
താത! നിൻ കൈയിലെൻ ജീവൻ നൽകുന്നേൻ"
ഇത്ഥമോതിത്തലകുനിഞ്ഞേശുതാം
പൃഥ്വീനാഥൻ വെടിഞ്ഞുതൻജീവനെ.

## ക്രിസ്തുവിൻെറ ഒരു കത്ത്.

(ശ്രീമാൻ വക്കീൽ ജോസഫ് ചാണ്ടി)

നമ്മുടെ ദിവ്യരക്ഷകനായ മ്ശിഹായുടെ ബാല്യകാലങ്ങളിലെ അക്ഷരാഭ്യാസത്തെ സംബന്ധിച്ച് സുവിശേഷകന്മാർ പ്രത്യക്ഷമായി യാതൊന്നും പറയുന്നില്ലെങ്കിലും "താൻ വായിപ്പാനായി എഴുന്നേററു നിന്നു"വെന്നും, "നിലത്തു കുനിഞ്ഞു എഴുതികൊണ്ടിരുന്നു"വെന്നും (ലൂക്കാ, 4—16; യോഹ. 8—6.) മററും വിശുദ്ധ ലിഖിതങ്ങളിൽ കാണുന്നുണ്ട്. എങ്കിലും തൻെറ ഹസ്തലിഖിതമായ യാതൊന്നും ഇപ്പോൾ നമുക്കു ശേഷിക്കയോ, വല്ലതും ഉണ്ടായിരുന്നതായി വേദപുസ്തകത്തിൽ പ്രസ്താവിക്കയോ ചെയ്തിട്ടില്ല. മിശിഹാക്കു് എബ്രായഭാഷയും ഗ്രീക്കഭാഷയും അഭ്യസിച്ച് സ്വാധീനപ്പെട്ടിരുന്നുവെന്നു ചിലർക്ക് അഭിപ്രായമുണ്ട്. 4—ാം ശതകത്തിൽ കേസറിയായുടെ മെത്രാനായിരുന്ന എവുസേബിയൂസ് എന്ന സഭാചരിത്രപിതാവു്, ക്രിസ്തുവിൻെറ ഒരു മറുപടിസന്ദേശത്തെപ്പററി ഇപ്രകാരം വിവരിച്ചിരിക്കുന്നു. "അത്ഭുത പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ശക്തിമൂ

ലം നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുവിൻെറ ദിവ്യത്വം വൃിദ്ദരങ്ങളിൽക്കൂടിയും എല്ലാ മനുഷ്യരുടെ ഇടയിലും പ്രസിദ്ധമായിത്തീർന്നതിനാൽ രോഗങ്ങളിൽനിന്നും മററും സ്വസ്തത പ്രാപിക്കുന്നതിനായി അനവധി ജനങ്ങൾ യൂദിയായുടെ നാനാദേശങ്ങളിൽനിന്നും, അന്യരാജ്യങ്ങളിൽനിന്നുപോലും ക്രിസ്തുവിൻെറ അടുക്കൽ വന്നുകൂടി. യൂഫ്രററീസിൻെറ എതിർകരയിൽ അധിവസിച്ചിരുന്ന ജനങ്ങളെ വളരെ പ്രതാപത്തോടുകൂടി ഭരിച്ചിരുന്ന അഗ്ബാറസ് രാജാവിനു മനുഷ്യശക്തിയാൽ സുഖപ്പെടാത്തതും, അത്യന്തം ഭയങ്കരതരവുമായ ഒരു വ്യാധി ബാധിച്ചിരുന്നു. ക്രിസ്തുവിൻെറ നാമം പലരും പറഞ്ഞുകേൾക്കയും എല്ലാവരും അദ്ദേഹത്തിൻെറ അത്ഭുതശക്തികളെപ്പററി ഐകകണ്ഠ്യേന സാക്ഷിപ്പെടുത്തുകയും ചെയ്കയാൽ തൻെറ സുഖക്കേടിൽനിന്നും തന്നെ ആശ്വാസപ്പെടുത്തേണമെന്നു അപേക്ഷിച്ചുകൊണ്ടു ദൂതൻ വഴിയായി ഒരു വിനീതസന്ദേശം ഈ രാജാവ് മിശിഹാക്ക് അയച്ചു. എന്നാൽ തത്സമയം അയാളുടെ അപേക്ഷാനുസരണം മിശിഹാ പ്രവർത്തിച്ചില്ലെങ്കിലും ഒരു ശിഷ്യനെ അയച്ചു സുഖക്കേടു ഭേദപ്പെടുത്താമെന്നും അയാൾക്കും സംബന്ധികൾക്കും നിത്യരക്ഷ നൽകാമെന്നും വാഗ്ദാനം ചെയ്യുന്നതായ ഒരു രഹസ്യമറുപടി എഴുതിക്കൊടുത്തയക്കുന്നതിന് താൻ തിരുമനസ്സായി. ഈ വാഗ്ദാനം നിറവേറുന്നതിന് അധികകാലം വേണ്ടിവന്നില്ല. ക്രിസ്തുവിൻെറ ഉത്ഥാനത്തിൻേറയും സ്വർഗ്ഗാരോഹണത്തിൻേറയും ശേഷം ദൈവപ്രേരണയാൽ പന്തിരുവരിൽ ഒരുവനായ തോമ്മസ് എഴുപതു ശിഷ്യരിൽ ഒരുവനായ തഡെയൂസിനെ ക്രിസ്തുവിൻെറ മതപ്രചാരകനായി എദേസ്സായിലേക്കു അയച്ചു. ഇയാൾ മുഖാന്തിരം നമ്മുടെ ദിവ്യരക്ഷകൻ ചെയ്ത വാഗ്ദാനങ്ങൾ അവിടെ നിർവ്വഹിക്കപ്പെട്ടു. ഇതിലേക്കുള്ള നമ്മുടെ തെളിവ് എദേസ്സാ പട്ടണത്തിലെ ഗവമ്മേണ്ടു വക പബ്ലിക്കു റിക്കാർട്ടുകളിൽനിന്നും എടുക്കപ്പെട്ട ഒരു മറുപടി രേഖയിൽ അടങ്ങിയിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ അഗ്ബാറസിൻെറ ചെയ്തികളും പൂർവ്വചരിത്രങ്ങളും അടങ്ങിയിട്ടുള്ള അവിടത്തെ പബ്ലിക്കു റജിസ്ടരിൽ അഗ്ബാറസിനെ സംബന്ധിച്ചുള്ള ഈ സംഭവങ്ങളും നാളതുവരെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ സന്ദേശങ്ങളും അവയുടെ രചനാരീതിയും കേൾക്കുന്നിടത്തോളം ഹൃദ്യമായി മറെറാന്നില്ലാത്തതിനാൽ അതുകളെ ആ രാജ്യത്തെ പബ്ലിക്കു റിക്കാർട്ടുശേഖരിപ്പിൽനിന്നും ഞാൻതന്നെ അനുപദതർജ്ജിമയായി സുറിയാനിഭാഷയിൽനിന്നു ഭാഷാന്തരം ചെയ്തു ചേർത്തിരിക്കുന്നു:—

ഈശോസ്സ് അഗ്ബാറസ് രാജാവ് അനനിയാസ് എന്ന സന്ദേശവാഹകൻ വഴിയായി യെറുശലേമിലേക്കു എഴുതി അയച്ച സന്ദേശത്തിൻെറ പരിഭാഷ:— "യെറുശലേമിൻെറ പ്രാന്തദേശങ്ങളിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന അത്യുത്തമരക്ഷകനായ ഈശോസ്സു എദേസ്സായുടെ രാജാവായ അഗ്ബാറസ് അഭിവന്ദനം ചെയ്തുകൊണ്ടു അയക്കുന്നത്. അവിടത്തെപ്പററിയും അവിടന്ന് പച്ചമരുന്നുകളും മററു ഔഷധങ്ങളും കൂടാതെ രോഗങ്ങൾ സുഖപ്പെടുത്തുന്നതിനെപ്പററിയും ഞാൻ കേട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പറയപ്പെട്ടിരിക്കുന്നതുപോലെ അവിടന്നു കുരുടന്മാക്കു കാഴ്ച കൊടുക്കുന്നു. മുടന്തന്മാരെ നടക്കുമാറാക്കുകയും, കുഷ്ഠരോഗികളെ സൌഖ്യപ്പെടുത്തുകയും ചെയ്യുന്നു. ദുഷ്ടാരൂപികളേയും ഭൂതങ്ങളേയും വെളിക്കിറക്കുകയും ദീർഘകാലം രോഗാതുരന്മാരായിരിക്കുന്നവരെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിപ്പിക്കയും ചെയ്യുന്നു. ഈ വകകളെല്ലാം അവിടത്തെപ്പററി ഞാൻ കേൾക്കുന്നതുകൊണ്ടു ഒന്നുകിൽ അവിടന്നു സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന് ഇപ്രകാരം ചെയ്യുന്ന ദൈവമോ, അല്ലാത്തപക്ഷം ഇപ്രകാരം ചെയ്യുന്നതുകൊണ്ട് അവിടന്നു ദൈവത്തിൻെറ പുത്രനോ ആയിരിക്കേണമെന്നു ഞാൻ മനസ്സുകൊണ്ടു തീർച്ചപ്പെടുത്തിയിരി

ക്കുന്നു. അതുകൊണ്ടു അങ്ങുന്ന് എന്നെ സന്ദർശിച്ച് എന്നെ പീഡിപ്പിക്കുന്ന ഈ രോഗത്തിൽനിന്നും എന്നെ സുഖപ്പെടുത്തേണമെന്നു അങ്ങേയോടു ഞാൻ ഇപ്പോൾ എഴുത്തുമൂലം അപേക്ഷിക്കുന്നു. യഹൂദന്മാർ അവിടത്തെ നേരെ പിറുപിറുക്കുന്നുവെന്നും, അങ്ങെ ഉപദ്രവിക്കുന്നതിനായി രഹസ്യാലോചനകൾ നടത്തുന്നുവെന്നും ഞാൻ കേട്ടിരിക്കുന്നു. ചെറുതെങ്കിലും മാഹാത്മ്യമുള്ളതും, നമുക്കു രണ്ടാൾക്കും മതിയാകത്തക്കതുമായ ഒരു രാജ്യം എനിക്കുണ്ട്."

അഗ്ബാറസ് രാജാവിനു കൊടുക്കുന്നതിനു ഈശോ അനനിയാസിന്റെ പക്കൽ കൊടുത്തയച്ച മറുപടിയുടെ തർജ്ജമ:— "എന്നെ കാണാതെ എന്നിൽ വിശ്വസിച്ചവനായ അഗ്ബാറസേ, നീ ഭാഗ്യപ്പെട്ടവനാകുന്നു. എന്തുകൊണ്ടെന്നാൽ എന്നെ കാണുന്നവർ എന്നെ വിശ്വസിക്കാതെയിരിക്കുമെന്നും, എന്നെ കാണാത്തവർ എന്നെ വിശ്വസിച്ചു ജീവിക്കുമെന്നും എന്നെക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളുടെ അടുക്കൽ വരണമെന്നു എഴുത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതിയെപ്പററി പറകയാണെങ്കിൽ എന്തിനായി എന്നെ അയച്ചിരിക്കുന്നുവോ ആ സംഗതികളെല്ലാം ഇവിടെ നിറവേററേണ്ടതു ആവശ്യമായിരിക്കുന്നു. അതുകൾ നിവർത്തിച്ചശേഷം എന്നെ അയച്ചവൻ തിരികെ എന്നെ സ്വീകരിക്കേണ്ടിയും ഇരിക്കുന്നു. എന്നാൽ എന്നെ മുകളിലേക്കു കൈക്കൊണ്ടതിനുശേഷം നിങ്ങളുടെ ദീനം സുഖപ്പെടുത്തി നിങ്ങൾക്കും നിങ്ങളോടുകൂടെയുള്ളവർക്കും ആയുസ്സ് നൽകുന്നതിനു ഞാൻ എന്റെ ശിഷ്യരിൽ ഒരുവനെ നിങ്ങളുടെ അടുക്കലേക്കു അയയ്ക്കാം."

ഈ എഴുത്തുകളോടു അനുബന്ധിച്ചു സൂക്ഷിക്കപ്പെട്ടിരുന്ന ഒരു സുറിയാനി രേഖയിൽ അഗ്ബാറസ് രാജാവും എദേസ്സാ നഗരവാസികളും വിശുദ്ധ തോമ്മാസ് അപ്പോസ്തോലനാൽ അയക്കപ്പെട്ട വി. തഡെയൂസ് ശിഷ്യനിൽനിന്നും ജ്ഞാനസ്നാനം കൈക്കൊണ്ടതും മററും വിവരിച്ചിരിക്കുന്നതു കൂടാതെ ക്രിസ്തുവിനെ യഹൂദന്മാർ ക്രൂശിൽ തറച്ച വിവരം കേട്ടപ്പോൾ തനിക്കു ക്രിസ്തുവിനോടുണ്ടായിരുന്ന വിശ്വാസബഹുമാനങ്ങൾമൂലം ഒരു സൈന്യവുമായി യേറുശലേമിൽ ചെന്നു യഹൂദന്മാരെ നശിപ്പിക്കുന്നതിനുകൂടെയും തനിക്കു മനസ്സുണ്ടായിരുന്നുവെന്നും, എന്നാൽ റോമ്മാസാമ്രാജ്യത്തോടു തനിക്കുണ്ടായിരുന്ന ബഹുമാനം കൊണ്ടു മാത്രം അപ്രകാരം ചെയ്യാതിരുന്നിട്ടുള്ളതാണെന്നും അഗ്ബാറസ് രാജാവ് വി. തഡെയൂസിനോടു പ്രസ്താവിച്ചതായി വിവരിച്ചിരിക്കുന്നുവെന്നും എവുസേബിയൂസ് പ്രസ്താവിക്കുന്നു.

---

## കർത്താവേ! ആരാണു ഇതു ചെയ്തതു്?

പതിന്നാലാംശതാബ്ദത്തിൽ ജീവിച്ചിരുന്ന, സ്വീഡനിലെ വി. ബ്രിജീത്താപുണ്യവതി ചെറുപ്പത്തിൽ ദിവ്യരക്ഷകന്റെ പങ്കപ്പാടിനെക്കുറിച്ചു കേട്ട ഒരു പ്രസംഗം പുണ്യവതിയുടെ ഹൃദയത്തിൽ നല്ലപോലെ തട്ടി. അന്നു രാത്രി പുണ്യവതിക്കു ഒരു ദർശനമുണ്ടായി. തിരുശരീരം ആസകലം മുറിവു നിറഞ്ഞും, മുറിവുകളിൽനിന്നെല്ലാം രക്തം ധാരയായി ഒഴുകിയും, സ്ലീവാമരത്തിന്മേൽ തൂങ്ങിക്കിടക്കുന്നതായിട്ടാണു കർത്താവിനെ ആ കന്യക കണ്ടതു. "മകളേ! എന്നെ നോക്കുക" എന്നു ദിവ്യ രക്ഷകൻ അരുളിച്ചെയ്തു. "കർത്താവേ! ആരാണിതു ചെയ്തതു?" എന്നു പുണ്യവതി കണ്ണുനീരോടെ ചോദിച്ചു. "എന്റെ സ്നേഹത്തെ അറിയാതെ എന്നെ ദ്രോഹിക്കുന്നവരത്രെ ഇപ്രകാരം ചെയ്തതു" എന്നു സ്നേഹം നിറഞ്ഞ ഈശോ മറുപടി പറഞ്ഞു. ജീവിതകാലം

മുഴുവൻ പുണ്യവതിയുടെ കൺമുമ്പാകെ ഈ കാഴ്ച കാണുന്നതുപോലെ കരുതിയിരുന്നു. അതിന്റെ ഓർമ്മ സഹതാപത്തിന്റെ കണ്ണുനീരുകൊണ്ടു സദാ അവളുടെ നേത്രങ്ങളെ നിറച്ചിരുന്നതായി പറയപ്പെടുന്നു.

## വേദപുസ്തകത്തിലെ ദിവ്യകാരുണ്യ സ്മരണകൾ.

(റവ. ഫാദർ തോമ്മസ് മൂഞ്ഞേലി.)

ജനങ്ങളെ ആസകലം ആകുലചിന്തയിലും കഷ്ടനഷ്ടത്തിലും നിമഗ്നരാക്കിത്തീർത്ത ക്ഷാമകാലത്തു ഏജിപ്തിൽ വന്നു സസുഖം താമസിക്കുന്നതിനായി വയോവൃദ്ധനായ യാക്കോബിനെ കുടുംബസഹിതം ഫറവോൻ രാജാവും യൌസേപ്പും ക്ഷണിക്കയുണ്ടായി. ജനബാഹുല്യമില്ലാത്തതും കന്നുകാലികൾക്കു മേച്ചിൽ സ്ഥലങ്ങൾ ധാരാളമുള്ളതുമായ ഗെസ്സെൻ ഡിസ്ത്രിക്ട് മുഴുവൻ രാജാവും യൌസേപ്പും അവക്കു ദാനമായി നൽകി. രാത്രിയിലുണ്ടായ ഒരു കാഴ്ചയുടെ പ്രേരണയാൽ യാക്കോബു അവരുടെ ക്ഷണം സ്വീകരിച്ചു പതിനേഴുവർഷം അവിടെ താമസിച്ചു. തന്റെ പുത്രന്മാരെ ആശീർവ്വദിക്കയും യൌസേഫിന്റെ രണ്ടു മക്കളായ എഫ്രേം, മനാസ്സസ് എന്നിവരെ ദത്തെടുക്കയും ചെയ്തശേഷമാണ് യാക്കോബു അന്തരിച്ചതു്. ഏജിപ്തിൽ തന്റെ സമുദായത്തിനു സംഭവിക്കാനിരിക്കുന്ന അനത്ഥങ്ങളെയും തന്റെ ജനങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ട രാജ്യത്തു പ്രവേശനം ചെയ്യുന്ന സമയത്തേയും മുൻകൂട്ടി അറിയിച്ചശേഷം യൌസേപ്പു തന്റെ സഹോദരന്മാക്കു മുമ്പായി നിര്യാണം ചെയ്തു.

ജാതീയ രക്ഷകന്റെ നിലയിൽ യൌസേപ്പു നാട്ടുകാക്കു ചെയ്തിരുന്ന ഉപകാരങ്ങൾ വേണ്ടുംവണ്ണം ഗ്രഹിച്ചിട്ടില്ലാത്ത ഒരുത്തൻ ഭരണകത്താവായി വന്നപ്പോൾ ഞെരുക്കങ്ങൾ ആരംഭിക്കയും ചെയ്തു. ഇടയന്മാരായ ഇസ്രായേൽ ജനങ്ങൾ അപരിചിതവും ദുസ്സഹവുമായ വേലകൾ ചെയ്യുന്നതിനു നിർബ്ബന്ധിതരായി. കാലാന്തരത്തിൽ അവരുടെ സമുദായമൊട്ടുക്കും പാടെ വിപാടനം ചെയ്യുന്നതിനു് പര്യാപ്തമായ വിധം അവരെ കഷ്ടപ്പെടുത്തി. എന്നിട്ടും ദൈവാനുഗ്രഹത്താൽ അവരുടെ സ്ഥിതിപൂർവ്വാധികം സുഖകരവും വർദ്ധമാനവുമായി കണ്ടതിനാൽ പുതിയതായി ജാതരായ എല്ലാ ആൺകുട്ടികളേയും നദിയിൽ എറിഞ്ഞു കളയുന്നതിനു രാജാവു കല്പനയായി. ഫറവോന്റെ പുത്രി മൂശയെ അത്ഭുതകരമാംവിധം രക്ഷിച്ചതും അയാളെ ദത്തെടുത്തതും രാജകൊട്ടാരത്തിൽ വെച്ചു അയാൾക്കു സിദ്ധിച്ച വിദ്യാഭ്യാസവും, സാധുക്കളായ ഇസ്രായേൽ ജനങ്ങളെ ഞെരുക്കങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിനു ചെയ്ത പരിശ്രമങ്ങളും, കത്തിജ്വലിച്ചിരുന്ന വനത്തിൽ ദൈവം അയാൾക്കു പ്രത്യക്ഷനായതും, ഇസ്രായേൽ ജനങ്ങളെ വിട്ടയക്കുന്നതിനു ഫറവോന്റെ ഹൃദയത്തെ ഇളക്കുന്നതിനായി ഏജിപ്തു് ദേശക്കാരെ ബാധിച്ച വസന്തകളും ചരിത്രപ്രസിദ്ധങ്ങളാണല്ലൊ. ഇസ്രായേൽക്കാരുടെ പ്രയാണത്തെ വീണ്ടും തടഞ്ഞപ്പോൾ, ഏജിപ്തുകാരുടെ എല്ലാ മൂത്ത പുത്രന്മാരേയും സംഹാരദൂതൻവഴി വധിക്കുന്നതിനാണ് കല്പനയായതു്. അവരുടെ ഇടയിൽ നിവസിച്ചിരുന്ന ഇസ്രായേൽക്കാരെ പ്രസ്തുത ദൂതന്റെ കരങ്ങളിൽ നിന്നു രക്ഷപെടുത്തുന്നതിനു ദൈവം

മൂശ വഴിയായി ഓരോ ഹെബ്രായഭവനത്തിലും ഒരു പെസഹാ കുഞ്ഞാടിനെ ബലി കഴിക്കുന്നതിനു ആജ്ഞ നൽകി. മാത്രമല്ല, ഈ കർമ്മം വർഷംതോറും മുടങ്ങാതെ നടത്തിപ്പോരുന്നതിനും ആജ്ഞാപിച്ചു. ഈ പെസഹാ കുഞ്ഞാടു ദിവ്യകാരുണ്യ ബലിയുടെയും കൂദാശയുടെയും ഒരു പ്രതിഛായയാകുന്നു.

പെസഹാ കുഞ്ഞാടിന്റെ രക്തം എല്ലാ ഹെബ്രായക്കാരുടെ വാതിലുകളിന്മേലും തളിച്ചിരിക്കണമെന്നായിരുന്നു മൂശയുടെ ഉപദേശം. ഈ രക്തം കണ്ടാണ് മാലാഖാ അവരുടെ കടിഞ്ഞൂൽ പുത്രന്മാരെ രക്ഷിച്ചതു്. സ്വർഗ്ഗത്തിലുള്ള എല്ലാം നീതിമാന്മാരിലും ഈ പ്രതിഛായ പൂർത്തീകരിച്ചിട്ടുണ്ടു്.

പെസഹാകുഞ്ഞാടിന്റെ മാംസം മുഴുവനായിട്ടു തന്നെ അഗ്നിയുടെ മേൽ വച്ചു ചുടണമെന്നാണ് ചട്ടം. ഇതു സൗകര്യമായി ചെയ്യുന്നതിനു യഹൂദന്മാർ ആടിന്റെ തലയും വാലും നേരെ ഇരിക്കത്തക്കവണ്ണം ഒരു വടിമേലും മുൻകാലുകൾ രണ്ടും വേറെ ഒന്നിലും കുരിശുഭാഷയിൽ വച്ചു വഹിച്ചുകൊണ്ടുപോകയായിരുന്നു പതിവു്. ഇതു ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ ഛായയാകുന്നു.

പെസഹാഭോജനം ഇസ്രായേൽജനങ്ങളോടു വാഗ്ദാനം ചെയ്യപ്പെട്ട രാജ്യത്തിലേക്കുള്ള പ്രയാണത്തിൽ ധൈര്യവും ധൈര്യവും പ്രദാനം ചെയ്തപോലെ, വന്യസ്ഥലങ്ങൾപോലെ ദുർഘടപരമായ ഇഹലോകജീവിതത്തിൽനിന്നു സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ വിശുദ്ധ കുർബാന സ്വീകരണം നമുക്കു ധാരാളം പോഷണവും ശക്തിയും നൽകുന്നുണ്ടു്. കൂടക്കൂടെയും ദിനംപ്രതിയുമുള്ള വിശുദ്ധ കുർബാന സ്വീകരണം, വിശിഷ്യാ മരണനേരത്തെ തിരുപാഥേയം. ഇതിനായിട്ടുള്ളതു തന്നെ. അപ്പോഴാണു ഇഹലോകത്തിൽ നിന്നു യാത്ര പിരിയുന്ന ആത്മാവു നരകഘോരവോന്റെയും അവന്റെ സിൽബന്ധികളുടെയും വശീകരണങ്ങളിൽ നിന്നും നിരാശയുടെ ചെങ്കടലിൽ നിന്നും രക്ഷ പ്രാപിക്കുന്നതിനായി പ്രത്യേക ശക്തിയും വെളിച്ചവും ആവശ്യപ്പെടുന്നതു. ഓരോ വിശുദ്ധ കുർബാന സ്വീകരണവും രക്ഷകനായ ക്രിസ്തുനിമിത്തം ലബ്ധമായി രക്ഷയുടെ വഴിയിലേക്കു കയറുന്ന ഓരോ ജയഘോഷ യാത്രാപദവി ആയി പരിഗണിക്കാം. ആകയാൽ, ഇസ്രായേൽ ജനങ്ങൾ ചെങ്കടലിൽ കൂടി നിർവ്വിഘ്നമായി കടന്നുപോകയും ശത്രുസൈന്യം തിരമാലകളിൽ കിടന്നു മൃതിപ്പെടുകയും ചെയ്യുന്നതും കണ്ടപ്പോൾ മൂശയുടെ സഹോദരി മേരി പാടിയതുപോലെ നമ്മുടെ വിശുദ്ധ കുർബാന സ്വീകരണം സ്തുതിയുടെയും കൃതജ്ഞതയുടെയും ഒരു കീർത്തനമായിരിക്കണം.

## നവീകരണസുറിയാനിക്കാർ.

(റവ. ഫാദർ റൊമേയോ തോമസ് സി. ഡി. എം. ഏ. (ഓണേഴ്സ്)

പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ 1816-ൽ കോട്ടയത്തു വരികയും 1818 മുതൽ ഇവിടത്തെ യാക്കോബായക്കാർ മതസംഗതികളിൽ പ്രോട്ടസ്റ്റൻറുകാരുമായി സഹകരിക്കാൻ തുടങ്ങുകയും ചെയ്തു. പ്രോട്ടസ്റ്റൻറുകാർ മൂലം കത്തോലിക്കാസഭയെക്കുറിച്ചുള്ള അബദ്ധധാരണകളും സഭയോടുള്ള വെറുപ്പും യാക്കോബായക്കാരുടെ ഇടയിലും പടർന്നുപിടിച്ചു. ഇതുനിമിത്തം പുനരൈക്യത്തിനുള്ള അവരുടെ ആഗ്രഹവും ശ്രമവും അവസാനിച്ചു. പ്രോട്ടസ്റ്റൻറുകാരുമായുള്ള സഹകരണം പലേ വിധത്തിൽ യാക്കോബായസഭയ്ക്കു ഉപദ്രവകരമായിട്ടാണ്

പര്യവസാനിച്ചത്. പ്രോട്ടസ്റ്റൻറുമിഷ്യനറിമാർ 21 സംവത്സരങ്ങളോളം യാക്കോബായക്കാരുടെ പള്ളികളിലും മററും പ്രസംഗിച്ചു നടന്നതിൻെറ ഫലമായി, പ്രോട്ടസ്റ്റൻറു മതതത്വങ്ങൾക്കു അനേകം യാക്കോബായക്കാർ വശംവദരായി. ആറായിരത്തോളം യാക്കോബായക്കാർ പ്രോട്ടസ്റ്റൻറു സംഘാംഗങ്ങളായിച്ചേൎന്നു. ഒരു വലിയവിഭാഗം പ്രോട്ടസ്റ്റൻറുമാതൃകയനുസരിച്ചു യാക്കോബായസഭയെ നവീകരിക്കണമെന്നു ആഗ്രഹിച്ചുതുടങ്ങി. ഇക്കൂട്ടർ അന്നത്തെ യാക്കോബായ മെത്രാനിൽ നിന്നു ഭിന്നിച്ച് പാലക്കുന്നത്തു മാത്തൻ ശെമ്മാശനെ യാക്കോബായ പാത്രിയക്കീസിൻെറ അടുക്കലേക്കയച്ചു. പാത്രിയക്കീസു അദ്ദേഹത്തെ അത്തനാസിയോസു എന്ന നാമത്തിൽ മെത്രാനായി അഭിഷേചിച്ചു. അത്തനാസിയോസു 1843-ൽ മലങ്കരയിൽ എത്തി തനിക്കു ലഭിച്ചിരിക്കുന്ന അധികാരപത്രപ്രകാരം തന്നെ മലങ്കരയുടെ മെത്രാപ്പോലിത്തായായി സ്വീകരിക്കേണമെന്നു ആവശ്യപ്പെട്ടു. ചേപ്പാട്ടു മാർ ദീവന്ന്യാസിയോസു അതുകട്ടെ ഇതിനു എതിൎത്തുനിന്നു. "മാർ അത്തനാസിയോസും കൂട്ടരും പാത്രിയക്കീസിനെ വഞ്ചിച്ചെന്നും താൻ പാത്രിയക്കീസിനു അനുസരണയുള്ളവനായിട്ടാണു വൎത്തിക്കുന്നതെന്നും, മാർ അത്തനാസിയോസു പ്രോട്ടസ്റ്റൻറു മിഷ്യനറിമാരോടും അവരുടെ ഉപദേശങ്ങളോടും ചാഞ്ഞുനില്ക്കുന്നവരിൽ ഒരാളാണെന്നും മാർ ദീവന്നാസിയോസ് മർദീനിലേക്കു എഴുതിയയച്ചു. തന്നിമിത്തം പാത്രിയക്കീസു തൻെറ സിക്രട്ടറിയായ കൂറിലോസിനെ പൂൎണ്ണാധികാരങ്ങളോടുകൂടി 1846-ൽ മലയാളത്തിലേക്കു അയച്ചു"(ബൎണ്ണാദു പക്ഷം 38൯) കൂറിലോസിൻെറ റിപ്പോർട്ടു അനുസരിച്ചു അത്തനാസിയോസിനെ പാത്രിയക്കീസു മുടക്കി. എന്നാൽ പ്രോട്ടസ്റ്റൻറുകാരുടെ സഹായം നിമിത്തം അത്തനാസിയോസിനെ തിരുവിതാംകൂർ ഗവൎമ്മെണ്ടു ന്യായാധികാരിയായി സ്വീകരിക്കയാണു് ചെയ്തതു്.

അത്തനാസിയോസിൻെറ എതിർ കക്ഷി 1865-ൽ പുലിക്കോട്ടു യൗസേപ്പു കത്തനാരെ പാത്രിയക്കീസിൻെറ പക്കലേക്കയച്ചു. പത്രിയക്കീസു അദ്ദേഹത്തെ ദീവന്നാസിയോസു എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു മലയാളത്തിലേക്കു അയച്ചു. മലയാളത്തിൽ എത്തിയ ഉടനെ തന്നെ മെത്രാപ്പോലീത്തയായി സ്വീകരിക്കണമെന്നു ദീവന്നാസിയോസു തിരുവിതാംകൂർ ഗവൎമ്മെണ്ടിനോടു ആവശ്യപ്പെട്ടു. അത്തനാസിയോസും ദീവന്നാസിയോസും തമ്മിലുള്ള പോരാട്ടം വ്യവഹാരംകൊണ്ടു തീരുമാനിക്കണമെന്നു തിരുവിതാംകൂർ ഗവൎമ്മെണ്ടു തീരുമാനിച്ചു. അനന്തരം 1875-ൽ യാക്കോബായ പാത്രിയക്കീസു മലയാളത്തിൽ വന്നുചേൎന്നു. മാത്തൻ അത്തനാസിയോസിനെ അദ്ദേഹം വീണ്ടുംമുടക്കി. അപ്പോൾ അദ്ദേഹവും കൂട്ടരുംസ്വതന്ത്രകക്ഷിയായി തിരിയുകയും മലങ്കരസഭയിന്മേൽ യാതൊരുത്തനും അധികാരമില്ലെന്നു വാദിക്കയും തങ്ങൾ മാർ തോമ്മാ ശ്ലീഹാ സ്ഥാപിച്ച സ്വതന്ത്രസഭക്കാരാണെന്നു പറഞ്ഞുകൊണ്ടു "മാർതോമ്മാ സുറിയാനിക്കാർ" എന്നുള്ള അഭിധാനം സ്വയമായി സ്വീകരിക്കയും ചെയ്തു (ബൎണ്ണാദു പക്ഷം 387) എങ്കിലും മാൎത്തോമ്മാക്കാരെ "നവീകരണ സുറിയാനിക്കാർ" എന്നും, പാത്രിയക്കീസിൻെറ കക്ഷിയായ "ബാവാകക്ഷി"യിൽനിന്നു വ്യത്യാസപ്പെടുത്തി മെത്രാൻകക്ഷിയെന്നുംവിളിക്കാറുണ്ടു്. ബാവാക്കക്ഷിയും മെത്രാൻകക്ഷിയും തമ്മിൽ 1879-ൽ വ്യവഹാരം ആരംഭിച്ചു. കേസ് 1889-ൽ ബാവാക്കക്ഷിക്കനുകൂലമായി അവസാനിച്ചു. 1911-ൽ അബ്ദുള്ളാ പാത്രിയക്കീസു മലയാളത്തിൽ വന്നതിൻെറ ഫലമായി ബാവാകക്ഷിയിൽ തന്നെ രണ്ടു അവാന്തര വിഭാഗങ്ങളുണ്ടായി. പാത്രിയക്കീസിൻെറ ലൗകികാധികാരത്തെ സ്വീകരിച്ച കക്ഷിക്കു പുതിയ ബാവാകക്ഷിയെന്നും, അതിനെനിഷേധിച്ചവട്ടശ്ശേരിൽമാർദീവന്നാസ്യോസിൻെറയും അനുചരന്മാരുടെയും കക്ഷിക്കു പുതിയ മെത്രാൻകക്ഷിയെന്നും പേരുണ്ടായി. ഈ പുതിയകക്ഷി ഓർ

ത്തൊഡൊക്ക്സ് (Orthodox) എന്ന് ഒരു നവീനനാമം സ്വീകരിച്ച് ഒരു സ്വതന്ത്ര സഭയായി തീരുന്നതിനുള്ള ലക്ഷണങ്ങൾ കാണുന്നുണ്ട്.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു കേരളത്തിലെ യാക്കോബായസഭയുടെ ശോചനീയാവസ്ഥ ഏറെക്കുറെ വിശദമാകുന്നുണ്ടല്ലോ. കത്തോലിക്കാസഭയിൽ നിന്നു പിരിഞ്ഞു പോയതിൽപിന്നെ അതിൽ നാൾക്കുനാൾ ഭിന്നതകൾ വർദ്ധിച്ചുവരുന്നതല്ലാതെ അഭിവൃദ്ധിക്കു നിദാനമായ ഐക്യം അതിൽ കാണ്മാനില്ലാതായിരിക്കുന്നു. ആദ്യം ഒരു കൂട്ടർ പ്രോട്ടസ്റ്റൻറു മതാനുസാരികളായി പിരിഞ്ഞുപോയി. അനന്തരം വേറൊരു കൂട്ടർ മെത്രാൻ കക്ഷി എന്നപേരോടുകൂടി നവീകരണക്കാർ അഥവാ മാർതോമ്മാക്കാരായിട്ടു വേർ തിരിഞ്ഞു. ശേഷിച്ച ഇരുനൂറോളം പള്ളികളും നാനൂറിൽ പരം പട്ടക്കാരും, രണ്ടു ലക്ഷം ജനങ്ങളും അന്യോന്യം ബദ്ധവൈരികളായ രണ്ടുകൂട്ടമായി ഇതാ ഇപ്പോൾ തിരിഞ്ഞിരിക്കുന്നു. സത്യമാതാവായ കത്തോലിക്കപ്പള്ളിയുടെ മടിയിലല്ലാതെ നിത്യസമാധാനം കണ്ടെത്തുന്നതല്ലെന്നു നമ്മുടെ ഈ സഹോദരന്മാർ ഇനിയെങ്കിലും മനസ്സിലാക്കിയെങ്കിൽ നന്നായിരുന്നു.”

(ഫാദർബർണ്ണാർദ്ദ് ‘യാക്കോബായസഭ” പക്ഷം 12)

## നമ്മുടെ കുരിശുകൾ.

കുരിശുകളും സങ്കടങ്ങളുമെല്ലാം പാപത്തിന്റെ ശിക്ഷതന്നെയാണെന്നാണ് ചിലരുടെ ബോധം. വിശ്വാസത്തിന്റെ വെളിച്ചത്താൽ തെളിയാത്ത കണ്ണുകൾക്കാണ് ഇങ്ങിനെ തോന്നുന്നത്. പിറവിക്കുരുടനു് ആരുടെ പാപം നിമിത്തമാണ് ഇങ്ങിനെസംഭവിച്ചതെന്ന് ചോദിച്ചപ്പോൾ നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തത് പലരും മറന്നുപോകുന്നു. “അവന്റെ പാപംനിമിത്തമോ അവന്റെ മാതാപിതാക്കന്മാരുടെ പാപം നിമിത്തമോ അല്ല; പിന്നെയോ ദൈവത്തിന്റെ പ്രവൃത്തികൾ അവനിൽ പ്രത്യക്ഷപ്പെടാൻ വേണ്ടിയാണ്” എന്നത്രേ താൻസമാധാനംപറഞ്ഞത്. “പാടുപെടുന്നവർഭാഗ്യവാന്മാരാകുന്നു.” എന്നുതന്നെ നിത്യബോധജ്ഞാനം തെളിവായി അരുളിച്ചെയ്തിട്ടുണ്ട് (മത്താ. V · 10) ”വിശ്വാസത്തിന്റെ കിരീടം” എന്നാണ് വി. പൌലോസ് പാടുകളെപ്പറ്റി പറയുന്നത്. ദൈവംതന്റെ പ്രത്യേകദാസന്മാർക്ക് അയക്കുന്ന വിശേഷ ദാനങ്ങളാകുന്നു കുരിശുകൾ. പരിശുദ്ധവ്യാകുലമാതാവിനോളം ദൈവംസ്നേഹിച്ചിട്ടുള്ള മനുഷ്യർ ഉണ്ടായിട്ടില്ല. ആ അമ്മയോളം പാടുകൾ അനുഭവിച്ചിട്ടുള്ളവരും ഉണ്ടായിട്ടില്ല. ദുഃഖസങ്കടങ്ങൾ ദൈവകോപത്തിന്റെ അടയാളമാണെന്നും, നേരെമറിച്ചു ഐശ്വര്യാരോഗ്യങ്ങൾ ദൈവാശീർവ്വാദത്തിന്റെ ലക്ഷ്യമാണെന്നും കരുതുന്നത് വലിയ ഭോഷത്വമാണ്. പാടുകളിൽനിന്നു സകലനന്മകളുംഉത്ഭവിക്കുന്നു; പാടുകൾ മനുഷ്യനേ പാപത്തിൽ നിന്നും അകറ്റുകയും, ദൈവത്തിലേക്കു അടുപ്പിക്കുകയും ചെയ്യുന്നു.

## തിരുഹൃദയ ഭക്തന്മാർ ൧൦൯൬ മേടമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### “കത്തോലിക്ക പ്രസിദ്ധീകരണപ്രചാരം.”

പ്രസിദ്ധീകരണങ്ങൾക്കു ഇന്നു ലോകത്തിലുള്ള ശക്തി ഇന്നവിധമെന്നു ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പത്രങ്ങളാണു ഇന്നു ലോകത്തേ ഭരി

ക്കുന്നത്. നന്മയ്ക്കും തിന്മയ്ക്കും ഒരുപോലെ അവ കാരണമായിത്തീരുകയും ചെയ്യുന്നു. സത്യത്തിനും നന്മയ്ക്കുംവേണ്ടി ഇടവിടാതെ പോരാടുന്ന കത്തോലിക്കാസഭയും ഈ ആയുധം തന്നെ തന്റെ പ്രതിയോഗികൾക്കു എതിരായി ഉപയോഗിക്കുന്നു. വി. ഫ്രാൻസീസ്സ് സാലെസ് പുണ്യവാനെ കത്തോലിക്കസാഹിത്യസൈന്യത്തിന്റെ നേതാവായി പ്രഖ്യാപനം ചെയ്തുകൊണ്ട് പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഈ സമരസംരംഭത്തിന്റെ പ്രാധാന്യത്തെ പ്രത്യക്ഷപ്പെടുത്തുകയും സകല കത്തോലിക്കരും ധീരതയോടെ ഇതിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്നതിനു ക്ഷണിക്കുകയും ചെയ്യുന്നു. പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വിശ്രുതങ്ങളായ വചനങ്ങൾ ഈ വിഷയത്തിൽ അഭൂതപൂർവ്വമായ ഒരുണർച്ച വരുത്തിയിട്ടുണ്ട്. "നിങ്ങൾ ദേവാലയങ്ങൾ പണിയിച്ചാലും, ധ്യാനപ്രസംഗങ്ങൾ നടത്തിയാലും, വിദ്യാലയങ്ങൾ സ്ഥാപിച്ചാലും എല്ലാം നിഷ്ഫലം. പ്രതിയോഗികളുടെ ആക്രമണങ്ങളെ തടയുന്നതിനും, അവരോടു നേരിട്ടു എതിർക്കുന്നതിനും, പര്യാപ്തമായി വിശ്വസ്തവും നിഷ്കളങ്കവുമായ കത്തോലിക്കാ സാഹിത്യമെന്ന ആയുധം നിങ്ങളുടെ പക്കലില്ലാത്തപക്ഷം—നിങ്ങളുടെ എല്ലാ വേലകളും—നിങ്ങളുടെ സകല പരിശ്രമങ്ങളും—നാശോന്മുഖങ്ങളായി പരിണമിക്കയേയുള്ളൂ" എന്ന തിരുമനസ്സിലെ ദീർഘദർശനവചനങ്ങൾ പലടത്തും അക്ഷരാർത്ഥത്തിൽ നിറവേറിക്കൊണ്ടുന്നുണ്ട്. എവിടെ കത്തോലിക്കപത്രങ്ങൾമുതലായ പ്രസിദ്ധീകരണങ്ങൾക്കു പ്രചുരമായ പ്രചാരമുണ്ടോ, അവിടെ വിശ്വാസികൾ വൈദികമായും രാഷ്ട്രീയമായും ഉയന്ന നിലയെ പ്രാപിച്ചിരിക്കുന്നു. കത്തോലിക്കർ ഈ വിഷയത്തിൽ അനാസ്ഥ പ്രദർശിപ്പിക്കുന്ന സ്ഥലങ്ങളിൽ വേദവിരോധികളുടെ കൈ മുന്നിട്ടുനിൽക്കുന്നു. ഇൻഡ്യയിൽ ഇപ്പോൾ കത്തോലിക്കരുടെ വകയല്ലാത്തതായി മൂവായിരത്തെണ്ണൂറോളം പ്രസിദ്ധീകരണങ്ങളുണ്ട്. കത്തോലിക്കർക്കോ എന്നാൽ കൈവിരലിൽ എണ്ണത്തക്കവണ്ണം മാത്രമേ ഇനിയും പ്രസിദ്ധീകരണങ്ങളുള്ളൂ.



അവയെ തന്നെയും സംരക്ഷിച്ചുകൊണ്ടുപോരേണ്ട ചുമതല തങ്ങൾക്കുണ്ടെന്നു പൊതുജനങ്ങൾ ഇതേവരെ വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ല. "പ്രസിദ്ധീകരണഞായറാഴ്ച" എന്നിത്യാദി ചില അവസരങ്ങൾ നിശ്ചയിച്ചു വിദേശങ്ങളിൽ ഇതിലേക്കു ഏകയോഗമായിച്ചേർന്നുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനനുസരിച്ചു കഴിഞ്ഞകൊല്ലം ബോംബയിൽ ഒന്നാരംഭിച്ചതു ഒരു വിധം വിജയത്തിൽ കലാശിക്കയുണ്ടായി. കൊളമ്പിൽ ഇക്കഴിഞ്ഞ ഫെബ്രുവരി 27-ാം തീയതി നടത്തിയ പ്രസിദ്ധീകരണഞായറാഴ്ച ഒരു ദിവസംകൊണ്ടു രണ്ടായിരത്ത മുന്നൂററിച്ചില്വാനം രൂപായ്ക്കു കത്തോലിക്കപ്രസിദ്ധീകരണങ്ങൾ ചെലവായതായി അറിയുന്നു. ഇപ്രകാരം ഒന്നുചേർന്നുള്ള ശ്രമങ്ങൾ എല്ലായിടത്തും ഉണ്ടായെങ്കിലല്ലാതെ ഏതത്സംബന്ധമായി നമുക്കുള്ള ന്യൂനത തീരുന്നതല്ല. അതിനായി ഈ മാസത്തിൽ തിരുഹൃദയഭക്തന്മാർ പ്രത്യേകിച്ച് പ്രാർത്ഥിക്കണമെന്നാണ് പരിശുദ്ധപിതാവ് നിശ്ചയിച്ചിരിക്കുന്നത്.

ഇടവമാസം— "തിരുക്കുടുംബത്തിന്റെ മാതൃക"

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്

## 1. വി. ളൂയീസ് ഗൊൺസാഗാ.

### 4. മാൻറുവാ നഗരത്തിൽ.

പ്രി. കുഞ്ഞുങ്ങളേ,

രണ്ടുകൊല്ലത്തിലധികം ഫ്ളോറെൻസു നഗരത്തിൽ കഴിച്ചുകൂട്ടിയശേഷം ളൂയീസിനെയും അനുജനേയും പിതാവു മാൻറുവാ പട്ടണത്തിലേക്കു കൊണ്ടുപോയി. അവിടെയും കുട്ടികളുടെ വിദ്യാഭ്യാസം നിഷ്കൃഷ്ടമായി നടന്നുകൊണ്ടിരുന്നു. അവിടെ വച്ചു ളൂയീസനു ഒരു സുഖക്കേടു ആരംഭിച്ചു. ആമാശയസംബന്ധമായ ആ സുഖക്കേടു പുണ്യബാലൻെറ ദേഹപുഷ്ടിയെ അത്യധികം ബാധിക്കയുണ്ടായി. അരോഗരെ തടിച്ചുകൊഴുത്തിരുന്ന തൻെറ ശരീരം വളരെ ക്ഷീണിച്ചുവശായി. ഇതു നിമിത്തം ഭക്ഷണകാര്യത്തിൽ വൈദ്യന്മാർ പല നിബന്ധനകൾ നിശ്ചയിച്ചു. പുണ്യവാനു ഇതിലധികം സന്തോഷകരമായി വേറെ ന്നുമുണ്ടായിരുന്നില്ല. സ്വതേതന്നെ ആഹാരവിഷയത്തിൽ പാടുള്ള പ്രായശ്ചിത്തങ്ങളെല്ലാം ചെയ്തിരുന്ന ഈ പരിശുദ്ധ ബാലൻ വൈദ്യന്മാരുടെ നിശ്ചയം കൂടെ കഴിഞ്ഞപ്പോൾ ആ തരം പിടിച്ചു മുമ്പിലത്തേതിലെന്യേ തപസ്സുകൾ അനുഷ്ഠിച്ചു തുടങ്ങി. ദീനം ഭേദപ്പെട്ടിട്ടും ഈ മുറതന്നെ അനുസരിച്ചുവന്നു. ഇതേപ്പററി പലരും ആവലാതിപ്പെടുകയും ഉപദേശിക്കയും ചെയ്തെങ്കിലും ഫലമുണ്ടായില്ല. "എനിക്കു ഇതാണു സുഖം" എന്നു എല്ലാവരോടും സമാധാനം പറഞ്ഞുവന്നു. എന്നുതന്നെയല്ല ഈ രോഗബാധിതയിൽ തന്നെ മാൻറുവായിൽ കഴിച്ചുകൂട്ടാനിടയായതു വലിയ ഭാഗ്യമായി പുണ്യവാൻ കരുതിയിരുന്നു. അനാവശ്യമായി പല രാജ അരമനകളിലേക്കും വിനോദസ്ഥലങ്ങളിലേക്കുമുള്ള സന്ദർശനങ്ങൾ കൂടാതെ കഴിക്കുന്നതിനും, പഠനത്തിലും പ്രാർത്ഥനയിലും കൂടുതൽ സമയം വിനിയോഗിക്കുന്നതിനും ഇതു നിമിത്തം സാധിച്ചിരുന്നു. പ്രിയകുഞ്ഞുങ്ങളെ, ഭക്ഷണത്തിലുള്ളസൂക്ഷക്കേടുപല നാശങ്ങൾക്കുകാരണമാണെന്നുനിങ്ങൾ വിസ്മരിച്ചു കളയരുതു്. വി. ളൂയീസിനെപ്പോലെയുള്ള ഉപവാസം അനുഷ്ഠിക്കുന്നതിനു നിങ്ങൾക്കു സാധിച്ചില്ലെങ്കിലും അതിരുകവിഞ്ഞ ഭോജനപ്രിയത്തിനു ഒരിക്കലും ഇടകൊടുക്കാതെ സൂക്ഷിക്കണം. നിങ്ങളുടെ ആത്മാവിനും ശരീരത്തിനും ഇതുകൊണ്ടു ഗുണമുണ്ടാകുന്നതാണു്.

## 2. ഈ മാസത്തെമദ്ധ്യസ്ഥ. വി. സ്യേനകത്രീനാ.

(തിരുനാൾ ഏപ്രിൽ 30 ശനിയാഴ്ച.)

ഇററലിരാജ്യത്തു സ്യേന എന്ന പട്ടണത്തിലെ ഒരു സാധുവായകച്ചവടക്കാരൻെറ പുത്രിയായിട്ടാണു പതിന്നാലാം നൂററാണ്ടിൽ വി. കത്രീനാ ജനിച്ചതു്. ജപധ്യാനങ്ങൾ വഴിയായി ദൈവത്തോടു സ്നേഹസംഭാഷണം ചെയ്യുന്നതിനുള്ള വരം ചെറുപ്പത്തിലെ ലഭിച്ചു. കുട്ടിയായിരിക്കുമ്പോൾ തന്നെ വീട്ടിലെ ഗോവണി കയറുകയിൽ ഓരോപടിക്കും ഓരോനന്മനിറഞ്ഞമറിയം ചൊല്ലുന്നതിനു പുണ്യവതി ശീലിച്ചുവന്നു. ഏഴുവയസ്സിൽകന്യാവ്രതംനേന്നു കർത്താവിനു കാഴ്ചകൊടുത്തു. കർത്താവിൻെറ പങ്കപ്പാടിൻെറ നേരെയുള്ള ഭക്തിയാൽ ഹൃദയം ജ്വലിച്ചിരുന്നു. ഈ ഭക്തിയുടെ ആധിക്യത്താൽ കർത്താവിൻെറ ൫ തിരുമുറിവുകൾ നമ്മുടെപുണ്യവതിയിൽപതിവാൻഭാഗ്യംല

ഭിച്ചു. പാവപ്പെട്ട ഒരു സ്ത്രീയായിരുന്നെങ്കിലും രാജാക്കന്മാരും ചക്രവൎത്തികളും അസാദ്ധ്യമെന്നു കരുതിയിരുന്ന കാൎയ്യങ്ങൾ കൂടെയും ഈ ഭാഗ്യവതി തിരുസഭയ്ക്കുവേണ്ടി ചെയ്തു. കടശി മുപ്പത്തിമൂന്നാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിക്കയും ചെയ്തു. വി. കത്രീനായെ! സ്നേഹംനിറഞ്ഞ കൎത്താവിനെ പാപത്താൽ ഉപദ്രവിക്കുന്നതിനു മുമ്പു മരിപ്പാൻ ഞങ്ങൾക്കു നീ മനോഗുണം തരുവിക്കണമേ.




## 3. കെ. സി. സി. ഏ. ഡയറി.

പഠിനക്കാരായ കുട്ടികൾക്കു പരീക്ഷകളും മററും തീൎന്നു ആശ്വാസത്തിന്റെ കാലമായിരിക്കുന്നു. ആണ്ടുവട്ടം മുഴുവൻ നല്ലവണ്ണം ബുദ്ധിമുട്ടി വേല ചെയ്തവൎക്കു വിജയം ആസന്നമായിരിക്കുന്നു. മടിയായി കാലം കളഞ്ഞവൎക്കു തോൽവിയല്ലാതെ വരാൻ നിവൃത്തിയില്ല. എങ്കിലും പാട്ടുപോലെ ഉത്സാഹിച്ചിട്ടുള്ളവൎക്കും ചിലപ്പോൾ അപജയം വന്നുനേരിട്ടെന്നു വരാം. അപ്രകാരമുള്ള ഒരുതോൽവി ചിലപ്പോൾ വലിയ വിജയങ്ങൾക്കു അടിസ്ഥാനമായിത്തീരാവുന്നതാണ്. അതിനാൽ കൎത്താവിൽ ശരണപ്പെട്ടുകൊണ്ടു ധൈൎയ്യമായി പ്രവൎത്തിക്കുക. എല്ലാം ഗുണമായിട്ടു വരും. സംശയിക്കേണ്ട.

പരീക്ഷകാലങ്ങളിലും മററും കെ. സി. സി. ഏ. നടപടികൾക്കു കുറെ അമാന്തം വരാതിരിക്കയില്ല. ഇളവു തുടങ്ങുന്നതിനോടുകൂടെ അതെല്ലാം പരിഹരിക്കണം. പ്രസംഗങ്ങളും പാട്ടുകളും എല്ലാവരും അഭ്യസിക്കണം. പ്രാരംഭകീൎത്തനവും ഉപസംഹാരകീൎത്തനവും എല്ലാവരും മനപ്പാഠമായി പാടത്തക്കനിലയിലാക്കണം. പിടിയരിപിരിവു മുതലായവ കുറേക്കൂടെ ഊൎജ്ജിതപ്പെടുത്തണം. മന്ദതയും മടിയും നമ്മുടെ കുഞ്ഞുസംഘത്തെ ബാധിക്കാൻ അനുവദിക്കരുത്.

* * *

മന്ദിച്ചുകിടന്നശേഷം ചില കുഞ്ഞുസഭകൾ ഇപ്പോൾ ഉണൎന്നു ലിസ്റ്റി

ൽനിന്നു നീക്കിയോ എന്നും മററും അന്വേഷണം തുടങ്ങിയിരിക്കുന്നു. ഇങ്ങനെയുള്ള ഓരോ കാൎയ്യത്തിനും മറുപടി കൊടുക്കാൻ സാധിച്ചുവരുന്നില്ല. ലിസ്റ്റിൽ ചേൎത്തവരെ ആരേയും ഇതേവരെ നീക്കം ചെയ്തിട്ടില്ലെന്നും അടുത്ത വാൎഷികറിപ്പോർട്ടോടു കൂടെ മാത്രമേ അങ്ങനെയുള്ള മാററങ്ങൾ ചെയ്യുകയുള്ളുവെന്നും, അതിനാൽ മുമ്പിലത്തെ നമ്പരുകൾ തന്നെ വച്ചുകൊണ്ടു നടപടി നടത്തിക്കൊണ്ടാൽ മതിയെന്നും ഇങ്ങനെയുള്ളവരെ അറിയിച്ചുകൊള്ളുന്നു.

* * *

ഇരിങ്ങാലക്കുട കുഞ്ഞുമക്കൾക്കു വലിയ താങ്ങായിരുന്ന അവരുടെ അദ്ധ്യക്ഷൻ പാറയ്ക്കൽ അച്ചങ്ങാടൻ വറിയതു ചാക്കോ അവർകൾ കഴിഞ്ഞ മാസം 13-ാംനു- 60-ാമത്തെ വയസ്സിൽ നിൎയ്യാതനായതറിഞ്ഞു് ദുഃഖിക്കുന്നു. അവിടത്തെ കുഞ്ഞുമക്കൾക്കു അതു അപരിഹാൎയ്യമായ ഒരു നഷ്ടമായിത്തീൎന്നിട്ടുണ്ടു്. ശവസംസ്കാരം സംബന്ധിച്ചു് അവിടത്തെ സെക്രട്ടറി എഴുതിയിരിക്കുന്ന ഭാഗം അത്യന്തം ഹൃദയാവൎജ്ജകമായിരിക്കുന്നു. "നാലു സംഘങ്ങളിലേ കെ. സി. സി. ഏ. അംഗങ്ങളും തങ്ങളുടെ ബാഡ്ജു ധരിച്ചു രണ്ടണിയായി യഥാക്രമം നടന്നു കൂട്ടമായി പ്രാൎത്ഥന കഴിച്ചുകൊണ്ടു പ്രേതമഞ്ചത്തിനു മുമ്പായി പൊയ്ക്കൊണ്ടിരുന്ന കാഴ്ചയും ദുഃഖകരമായ ഗീതധ്വനികളും അത്യന്തം ഹൃദയഭേദകമായിരുന്നു. തദവസരത്തിൽ ഒരു ഗ്രൂഫ് ഫോട്ടോ എടുക്കുകയുമുണ്ടായി."

സംഘനിയമപ്രകാരമുള്ള കുർബാനയും ഒപ്പീസും പൊതുഫണ്ടിൽനിന്നു ഇവിടെ നടത്തിയിരിക്കുന്ന വിവരവും പ്രസ്താവിച്ചുകൊള്ളുന്നു.

* * *

ഈ മാസത്തിൽ ആകെ 63 രൂ. 9 ച. 6 കാ. വരവുണ്ടു്. അതിൽ പൊതുഫണ്ടിലേക്കുള്ള 4 രൂ. 3 ച. 9 കാശിൽ നിന്നു മേല്പറഞ്ഞ അദ്ധ്യക്ഷൻെറയും, ഫെബ്രുവരി 9-ാംനു-28-ാമത്തെ വയസ്സിൽ മരിച്ച അരുവിത്തുറ 149-ാം സംഘം സെക്രട്ടറി വാവലാങ്കൽ ജോസഫ് അവർകളുടെയും ചരമ ശേഷക്രിയകൾക്കായി 3 രൂ. ചെലവായതുകഴിച്ചു് 1 രൂ. 3 ച. 9 കാ. ബേങ്കിൽ നിക്ഷേപിച്ചിട്ടുണ്ടു്. പൊതുഫണ്ടു ഇപ്പോൾ ആകെ 90 രൂ. 22 ക. 3 കാശാണുള്ളതു്.

* * *

പെസഹാവ്യാഴാഴ്ചത്തെ കുർബാനയുടെ ആരാധനയ്ക്കും മററും കുഞ്ഞുമക്കൾ താല്പൎയ്യമായി സംബന്ധിക്കണമെന്നോൎപ്പിക്കുന്നു. ഉയിൎപ്പു തിരുനാളിൻെറ സന്തോഷം ആശംസിച്ചുകൊള്ളട്ടെ.

എന്നു്, സ്വന്തം കൊച്ചച്ചൻ.

# പുതിയ പ്രസിദ്ധീകരണം.

## ക്രൈസ്തവസാമ്രാജ്യം.

കെ. എം. വൎഗ്ഗീസു പുത്തൻപീടിക.
ഓമല്ലൂർ. പത്തനംതിട്ട.

വില നാലണ.

യാക്കോബായസഭയിൽനിന്നു കുറേ മുമ്പു കത്തോലിക്കാസഭയിലേക്കു പ്രവേശിച്ച മി. കെ. എം. ഈശോ എന്ന മാന്യൻ അകത്തോലിക്കർക്കു കത്തോലിക്കാസഭയേക്കുറിച്ചുള്ള പല തെററിദ്ധാരണകളേ നിവാരണം ചെയ്യുന്നതിനു പൎയ്യാപ്തമാകത്തക്കവണ്ണം എഴുതിയിട്ടുള്ള ഒരു ചെറിയ പുസ്തകമാണിതു്. അകത്തോലിക്കാ സഹോദരങ്ങൾക്കു മനോവേദന വരുത്തത്തക്ക യാതൊരു പ്രതിപാദനരീതിയും ഇതിലില്ല. എന്നാൽ കത്തോലിക്കാസഭയുടെ യഥാൎത്ഥതയേയും, അതിൽനിന്നു ഭിന്നിച്ചുപോയിട്ടുള്ള ഇതരസഭകളുടെയെല്ലാം അടിസ്ഥാനരാഹിത്യത്തേയും ഇതിൽ വിശദമായി പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു്. അകത്തോലിക്കരുടെ ഇടയിൽ ഇതു ധാരാളമായി പ്രചരിക്കുന്നതിന്നു കത്തോലിക്കർ പരിശ്രമിക്കേണ്ടതാണു്.

# വർത്തമാനസംഗ്രഹം.

## കേരളം.

ഇൻഡ്യയിലേക്കും ഏററം വിദ്യാഭ്യാസാഭിവൃദ്ധിയുള്ള രാജ്യം തിരുവിതാംകൂറും അതുകഴിഞ്ഞു നില്ക്കുന്നതു് കൊച്ചിയുമാണു. തിരുവിതാംകൂറിൽ നൂററുക്കു 28-ം കൊച്ചിയിൽ 21-ം വീതം ആളുകൾ എഴുത്തറിയാവുന്നവരുണ്ടു്. ബറോഡായിൽ നൂററുക്കു 14 വീതമെയുള്ളു.

മഹാറാണി റീജൻറു തിരുമനസ്സിലെ കല്പനപ്രകാരം ആഭാസമയമായ പാട്ടുകളൊന്നും കൂടാതെ ഇക്കൊല്ലത്തെ ചേർത്തലപ്പൂരം കഴിഞ്ഞുകൂടിയിരിക്കുന്നു. അസഭ്യങ്ങൾ പാടാൻ ഒരുമ്പെട്ട ഒരാളിനു മജിസ്ട്രേട്ടുമി. കോര എട്ടു ദിവസത്തെ കഠിനതടവു ശിക്ഷ വിധിക്കയുണ്ടായി.

ഡോക്ടർ പി. ജെ. തോമസിനെ കഴിഞ്ഞ നവംബർ മാസത്തിൽ മദ്രാസ് സർവ്വകലാശാലയിലെ ഒരു പ്രൊഫസറായി നിയമിക്കയുണ്ടായെങ്കിലും ഇതേവരെ പ്രസ്തുത ജോലി സ്വീകരിക്കാതിരിക്കയായിരുന്നു. ഇപ്പോൾ അതു സ്വീകരിച്ചതായും ജൂൺമാസത്തിൽ അവിടെ എത്തി ജോലിയിൽ പ്രവേശിക്കുന്നതാണെന്നും അറിയുന്നു.

## ഇൻഡ്യാ.

കൊളമ്പിലെ ഇത്തവണത്തെ പ്രസിദ്ധീകരണ ഞായറാഴ്ച ഘോഷത്തിൽ ഒരു അദ്ധ്യാപകൻ തന്നെ ആയിരം രൂപാക്കു പുസ്തകങ്ങൾ വിററതായി അറിയുന്നു.

ഉപ്പിൻെറ വില മന്നിനു ഒരു രൂപാ നാലണയായിരുന്നതു 10 ണ. യായി കുറച്ചിരിക്കുന്നു.

പരേതനായ സ്വാമിക്കണ്ണുപിള്ള അവർകളുടെ സംസ്കാരസ്ഥലത്തു അദ്ദേഹത്തിൻെറ ഒരു സ്മാരകം സ്ഥാപിച്ചിരിക്കുന്നു.

## ഇററലി.

പരിശുദ്ധപിതാവു തിരുമനസ്സിലെ സ്ഥാനാരോഹണത്തിൻെറ അഞ്ചാമത്തെ വാർഷികദിനം ഘോഷിച്ച അവസരത്തിൽ, ദേശഭ്രഷ്ടരായി റോമയിലെത്തിയിരിക്കുന്ന മെക്സിക്കോ മെത്രാന്മാർക്കു തിരുമേനി ഒരു പ്രത്യേക കൂടിക്കാഴ്ച അനുവദിക്കയുണ്ടായി.

കാർഡിനൽ റാനുസി ദെ ബിയാൻചി തിരുമനസ്സുകൊണ്ടു ഫെബ്രുവരി 16-ാനു- റോമയിൽ വച്ചു 71-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

ഇൻഡ്യയുടെ ദലഗാദപ്പസ്തോലിക്കാ ആയിരുന്ന മൊൺസിഞ്ഞോർ പിസ്സാനി തിരുമേനിയെ പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ ഒരു ആലോചനക്കാരനായി നിയമിച്ചിരിക്കുന്നു.

പത്താം പിയൂസ് മാർപ്പാപ്പായെ ധന്യനെന്നു നാമകരണം ചെയ്യുന്നതിനുള്ള അപേക്ഷകൾ ലോകത്തിൻെറ പലഭാഗങ്ങളിൽ നിന്നും റോമയിലെത്തിക്കൊണ്ടിരിക്കുന്നു.

## ഇംഗ്ലണ്ടു്.

സുപ്രസിദ്ധനായ മാററൽബറോ പ്രഭു ഫെബ്രുവരി ഒന്നാം തീയതി വെസ്റ്റ് മിനിസ്റ്റർ മെത്രാപ്പോലീത്തായുടെ കപ്പേളയിൽ വച്ചു കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടിരിക്കുന്നു.

ലണ്ടനിൽവച്ചു നടക്കാൻ പോകുന്ന ഇമ്പീരിയൽ വിദ്യാഭ്യാസ കോൺഫറൻസിൽ തിരുവിതാംകൂർ ഗവമ്മെണ്ടിൻെറ പ്രതിനിധിയായി വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മി. ഹോഡ്സൺ എം. ഏ. യെ നിയമിച്ചിരിക്കുന്നു.

കത്തോലിക്കമത സ്വാതന്ത്ര്യബിൽ പാസ്സായതോടുകൂടി ഇംഗ്ലണ്ടിലേ പല കത്തോലിക്ക ദേവാലയങ്ങളിലും പരസ്യമായി മണികൾ സ്ഥാപിച്ചു തുടങ്ങിയിരിക്കുന്നു. ആദ്യമായി ഒരു മണി ആശീർവ്വദിച്ചു സ്ഥാപിച്ചതു് ലണ്ടനു സമീപത്തുള്ള വി. ബ്രിജീത്തായുടെ ഒരു ദേവാലയത്തിലാണു.

## പലവക.

ജപ്പാനിൽ കഴിഞ്ഞ മാസത്തിലുണ്ടായ ഒരു ഭയങ്കര ഭൂകമ്പം നിമിത്തം മൂവായിരത്തോളം ആളുകൾ മരിക്കയും, ആറായിരത്തിൽപരം പേർക്കു പരുക്കേൽക്കുകയും പതിനായിരത്തോളം കെട്ടിടങ്ങൾ നശിക്കയും ചെയ്തതായിക്കാണുന്നു.

ചൈനായിൽ തെക്കരും വടക്കരും തമ്മിലുള്ള യുദ്ധം തുടൎന്നുകൊണ്ടിരിക്കുന്നു. ഷാങ്കു എന്ന പട്ടണം തെക്കർ കൈവശപ്പെടുത്തി. ബ്രിട്ടീഷ്കാർ, അമേരിക്കർ, ജപ്പാൻകാർ ആദിയായവർ അവിടങ്ങളിലുള്ള സ്വന്ത ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ശ്രമങ്ങളെല്ലാം ചെയ്തു വരുന്നുവെന്നല്ലാതെ, ചൈനായുടെ അഭ്യന്തരകലഹത്തിലെങ്ങും അവർ പ്രവേശിക്കുന്നില്ല.

മെക്സിക്കോയിൽനിന്നു നാടുകടത്തപ്പെട്ടു അമേരിക്കയിലെത്തീട്ടുള്ള ഡോക്ടർ പാസ്ക്വൽ ഡിയാസ് എന്ന മെത്രാൻ അവിടത്തെ കത്തോലിക്കരുടെ ദയനീയസ്ഥിതിയെപ്പറ്റി ന്യൂയോക്കിൽവച്ചു ഒരു പ്രസംഗം ചെയ്തിരിക്കുന്നു.

## മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

തിരുകുടുംബത്തിന്റെയും തിരുഹൃദയത്തിന്റെയും സഹായത്താൽ കുടുംബസമാധാനമുണ്ടായതിനു ഉപകാരസ്മരണ.

ചാക്കോ വെട്ടിക്കാട്ടിൽ ഇലക്കാട്ട്.

തിരുഹൃദയത്തിന്റെയും വി. അന്തോനീസിന്റെയും മാദ്ധ്യസ്ഥത്താൽ എന്റെ അമ്മ ഒരുപദ്രവത്തിൽ നിന്നു രക്ഷപെട്ടതിനും, സഹോദരൻ ഒരു ക്രിസ്തീയജീവിതം നയിക്കുന്നതിനും. എ. ജെ. ടി. തൃശ്ശൂർ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ലഭിച്ച മനോഗുണത്തിനു ഉപകാരസ്മരണ സി. എ. ചാക്കോ.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ എനിക്കു ജോലികിട്ടിയതിനു ഉപകാരസ്മരണ.

എഫ്. ഫെർനാണ്ടസ് എഫ്. എം. എസ്.

കുൎയ്യാളശ്ശേരിൽ തോമ്മാമെത്രാനച്ചന്റെ മദ്ധ്യസ്ഥം വഴിയായി ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

വി. സി. റ്റി. ചേന്നങ്കരി.

എന്റെ ഭാഗിനേയിയെ ബാധിച്ചിരുന്ന ഒരു ഭയങ്കരരോഗം ചെങ്ങളത്തിൻ വി. അന്തോനീസിന്റെയും, കുണ്ണിൽടീനം കിഴക്കേടിയൂരു വി. അന്തോനീസിന്റെയും മദ്ധ്യസ്ഥതയാൽ പൂൎണ്ണസുഖം പ്രാപിച്ചതിന്നു.

എ. ടി. കിഴതടിയൂർ.

എനിക്കു പിടിപെട്ട വയററിൽ സുഖക്കേടു വിശുദ്ധ യൌസേപ്പപിതാവിന്റെ മദ്ധ്യസ്ഥതയാൽ സുഖമായവിവരം കൃതജ്ഞതാസൂചകമായികുസുമത്തിൽപരസ്യംചെയ്യുവാനപേക്ഷ. കന്നുങ്കൽ ചാക്കോ വക്കീൽ ആലപ്പുഴ.

വി. കൊച്ചുത്രേസ്യായുടെയും, വി. ഇഗ്നേഷ്യസിന്റെയും മാദ്ധ്യസ്ഥത്താലും അനുഗ്രഹകൊന്ത വഴിയായും ഒരു വിശുദ്ധ നിയോഗപൂൎത്തിക്കായി ധനസഹായം ലഭിച്ചതിന്നു.

ഐ. ഇരിങ്ങാലക്കുട.

പുത്തഞ്ചിറ തിരുക്കുടുംബമഠത്തിന്റെ പരേതയായശ്രേഷ്ഠത്തിയമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിന്നു. ടി. പി.

മാന്നാനത്തു വി. കൊച്ചുത്രേസ്യായുടെ പീഠത്തിൽ ഒരു കർബാന ചൊല്ലിക്കുന്നതിനു നേൎന്നതിനാൽ അനുഗ്രഹസിദ്ധിയുണ്ടായതിന്നു. ടി. വി പി. ചമ്പക്കുളം.

എന്റെ ഉദ്ദേശം സാദ്ധ്യമായാൽ കുസുമത്തിൽ പ്രസിദ്ധം ചെയ്തുകൊള്ളാമെന്നു നേൎന്നതനുസരിച്ചു കാൎയ്യം സാധിച്ചതിനുപകാരസ്മരണ.

ബ്ര. ജോസഫ് നടുവത്തുമുറി കാഞ്ഞി.

ഈശോയുടെ തിരുഹൃദയകാരുണ്യത്താൽ സെമിനാരി പ്രവേശനം ലഭിച്ചതിന്നു.

എ. കെ. പരിയാരം.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാലും കാലം ചെയ്ത കുൎയ്യാളശേരിൽ മാർതോമ്മാമെത്രാനച്ചന്റെ സഹായത്താലും അപേക്ഷിച്ച ചില കാൎയ്യങ്ങൾ സാധിച്ചതിന്നു.

എഫ്. ടി. സി. മുഹമ്മ.

പരിശുദ്ധ വ്യാകുലമാതാവിന്റെയുംവിശുദ്ധ കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഒരു അസാദ്ധ്യവ്യവഹാരം ഗുണപ്പെട്ടതിന്നു.

പി. അൽഫോൻസു പുന്നക്കാട്ടുശ്ശേരി.

അമലോത്ഭവമാതാവിന്റെയും വി. ചെറുപുഷ്പത്തിന്റെയും സഹായത്താൽ ലഭിച്ച മനോഗുണത്തിനു കുസുമംവഴി ഉപകാരസ്മരണ. പി. എസ്. പി.

ഇക്കഴിഞ്ഞ പരീക്ഷയിൽ വിജയം പ്രാപിച്ചതിനുപകാരസ്മരണ.

പി. വി. മറിയാമ്മ.

# പഞ്ചാംഗം.

എപ്പകത്തി ൩൧. · ൧൧൦൨ ഞായറാഴ്ച അക്ഷരം ൫

## ൧൯൨൭ ഏപ്രിൽ — ൧൧൦൨ മീനം — മേടം.

● 1 19 വെ ❊ ന. ക. തിരുരക്തം ന. ആ. കു. വെ. ഒരുനേ. ❊൨൧(൭) ച്യു.
2 20 ശ മാ. പ്രാംസീസ്സ. പൗളാ. ന. ആ. കു. വെ. വെ.
ഇന്നു റംശാക്കുമുമ്പ പീഠ. സ്വരൂപ. ഗൊയീസ് തുടങ്ങികൊണ്ടുമൂട്ടുന്നു.
3 21 ഞാ ✠ ൫ദനോമ്പ 5-ാംഞാ. ന. കു. ആ. ·൭൨ ·൦ ·൨ റോ.
4 22 തി ❊ അ. മാ. മ. ഇസിദോർ ന. ആ. കു. വെ. വെ.
5 23 ചൊ ❊ മാ. വിനസന്തിസ് ന. ആ. കു. വെ. വെ.
6 24 ബു ന. കു. ആ. റോ.
7 25 വ്യാ ന. കു. ആ. റോ.
8 26 വെ ❊ ക. മ. ഏഴവ്യാകുലം ന. ആ. കു. വെ. ❊൩൧(ഒ. ദന. ൭)വെ.
പൂഞ്ഞാർ, പൈങ്ങളം, കവിത്രുമലകയറ്റം.
9 27 ശ ❊ പാത്രി. മാ. അൽഫത്തോസു. ഇന്നലെ ന. ആ. കു. വെ. വെ.
10 28 ഞാ ✠ ൬ദനോമ്പ ൬-ാംഞാ. ന. കു ആ ·൭൨ ·൯ ·൨ റോ.
ഈ ആഴ്ചയിലും അടുത്തതിലും നേർച്ചക്കുർബാനകൾ ഒക്കെയും
മുടക്കം. തിരുവ്യാഴം മുതൽ ഉയിപ്പുവരെയുള്ള ദിവസങ്ങളിൽ പ്രേ
തം വെച്ചുകൊണ്ടുള്ളവക്കുടെയും മുടക്കപ്പെടുന്നു.
11 29 തി വലിയ ആഴ്ച ന. കു. ആ. റോ.
12 30 ചൊ വലിയ ആഴ്ച ന. കു. ആ. റോ.
13 31 ബു വലിയ ആഴ്ച ന. കു. ആ. റോ.
14 1 വ്യാ (✠) തിരുവ്യാഴം ന കു. ആ റോ.
15 2 വെ ദുഃഖവെള്ളി ന. കു. ആ. (ഒരുനേരം) ക.
16 3 ശ ദുഃഖശനി ന. കു. ആ. (ഒരുനേരം) വെ.
ഇന്നുച്ചമുതൽ ത്രിത്വത്തിന്റെ തിരുനാൾവരെ ത്രികാലജപ
മായി 'പരലോകരാജ്ഞീ' എന്നതു നിന്നുകൊണ്ടു ചൊല്ലണം.
17 4 ഞാ ✠ ന. ക. ഉയിപ്പ്. ന. കു. വെ. ൨൫൭൫൨ ·൨ ·൫ വെ.
18 5 തി (✠) ന. ക. ഉയി. എം. ന. കു. വെ. ൨ വെ.
19 6 ചൊ (✠) ന. ക. ഉയി. എം. ന. കു. വെ. ൩ വെ.
20 7 ബു (✠) ന. ക. ഉയി. എം. ന. കു. വെ. ൪ വെ.
പാലയൂർ വി. ഗീവറുഗീസ് തിരുനാൾ.
21 8 വ്യാ ന. ക. ഉയിപ്പ്. എം. ന. കു. വെ. ൭ വെ.
22 9 വെ ന. ക. ഉയിപ്പ്. എം. ന. കു. വെ. ൬ വെ.
23 10 ശ ന. ക. ഉയിപ്പ്. എം. ന. കു. വെ. ൦ വെ.
24 11 ഞാ ✠ ഉയിപ്പ്. ൧-ാംഞാ. പുതുഞാ. ന. കു. ആ. ·൭൫ ·൩ ·൫ വെ.
അരീത്തുറ, കോതമംഗലം, നാഗപ്പുഴ വി. ഗീവറു. തിരുനാൾ. മലയാ
റ്റൂർ, പാവർട്ടി ആശ്രമദേവ., കോക്കമംഗലം തോമ്മാശ്ലീ. തിരു.
25 12 തി മർക്കോസു എവൻഗേലീസ്താ. ന. കു. വെ. ച്യു.
26 13 ചൊ പാ. വേ. ക്ലേത്തോസും കൂട്ടരും. ന. ആ. കു. വെ. ച്യു.
27 14 ബു പാ. മാ. ലേയോൻ (ഈ മാ. 11) ന. ആ. കു. വെ. വെ.
28 15 വ്യാ വേ. വിത്താലീസ് ന. ആ. കു. വെ. ച്യു.
29 16 വെ വേ. പത്രോസ് ന. ആ. കു. വെ. ച്യു.
30 17 ശ ❊ ക. കത്രീനാ ന. ആ. കു. വെ. വെ.
ഇന്നു പ. ദേവമാതാ. വണക്കമാസം തലേനാൾ.

---

Printed and Published for the Proprietor by P. K. Joseph at the
St. Joseph's Press, Mannanam. 1927.